# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെളിയനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 6-1375/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 20/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെളിയനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 6-1375/2023 തീയ്യതി: 20/12/2023

## ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 09-11-2023 | 18-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-11-2023 | 18-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എൻ.വിജയകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജാകലിൻ പി.ഡബ്ലിയു., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ലക്ഷ്മീകാന്ത് പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ബിന്ദു മോൾ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സാജുമോൻ പത്രോസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രാജി മോൾ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.ബിജു എം.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലക്ഷ്മി വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സിനി എസ് നായർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.പ്രമിത പി പിള്ള | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ചിത്ര റ്റി | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ.അനു ജി കൃഷ്ണ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-04-2022 | 31-03-2023 |
| ശ്രീ.അഖിൽ കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.സുരേഷ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-1 |
| 3 | അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | സി.എഫ്.സി. ഗ്രാന്റ് - ടൈഡ്, അൺടൈഡ് തെറ്റായി റസീപ്റ്റ് ചെയ്തു | 1-1-3 |
| 5 | ലോൺ രജിസ്റ്റർ കാലികമാക്കുന്നില്ല | 1-1-4 |
| 6 | സംയുക്ത പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് ചെലവ് സുലേഖ സ്റ്റേറ്റ്മെന്റ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | തൊഴിലുറപ്പ് പദ്ധതിയുടെ ഇ.എഫ്.എം.എസ്. സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | B4 ഷെഡ്യൂൾ പ്രകാരം സി.എഫ്.സി. ഫണ്ടിനത്തിൽ കാണിച്ചിട്ടുള്ള ബാധ്യതയ്ക്ക് തത്തുല്യമായ തുക പ്രസ്തുത തുക കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൌണ്ടിൽ നീക്കിയിരുപ്പില്ല | 1-1-7 |
| 9 | ബി4 ഷെഡ്യൂളിൽ തുക അവശേഷിക്കുന്നു | 1-1-8 |
| 10 | മുൻവർഷങ്ങളിൽ സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം) | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 20 | സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം | 1-11 |
| 21 | വസ്തു നികുതി നിർണ്ണയവും നമ്പർ നൽകലും - സർക്കാർ ഉത്തരവ് ലംഘിക്കപ്പെടുന്നു | 1-12 |
| 22 | വസ്തുനികുതി ഈടാക്കിയത് ക്രമപ്രകാരമല്ല | 1-13 |
| 23 | ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-14 |

| | | |
|---|---|---|
| 24 | ചെലവഴിക്കാത്ത തുക സുലേഖ ചെലവ് പത്രികയിൽ ചെലവായി ഉൾപ്പെടുത്തി | 1-15 |
| 25 | വെള്ളക്കരം - ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കാത്തതിനാൽ ഭീമമായ തുക വാട്ടർ അതോറിറ്റിയിൽ അടവാക്കേണ്ടി വരുന്നു | 1-16 |
| 26 | രോഗ നിർണ്ണയ സംവിധാനങ്ങൾ ഒരുക്കൽ - രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല | 1-17 |
| 27 | ഹെൽത്ത് വെൽനെസ് പ്രോഗ്രാം - അപാകതകൾ | 1-18 |
| 28 | കുടിവെള്ള വിതരണം - ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല | 1-19 |
| 29 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല | 1-20 |
| 30 | ഫയലുകൾ ക്രമീകരിച്ചതിന് നൽകിയ തുക - അപാകത | 1-21 |
| 31 | പദ്ധതി നിർവ്വഹണം - ചെലവ് ആവർത്തിച്ച് നൽകി | 1-22 |
| 32 | ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല | 1-23 |
| 33 | വി.ഇ.ഒ. നടപ്പാക്കിയ പദ്ധതികൾ - ഫയലുകൾ ലഭ്യമാക്കിയില്ല | 1-24 |
| 34 | ഹെൽത്ത് ഗ്രാന്റ് ചെലവുകൾ- വകയിരുത്തലും ചെലവും സുലേഖ ചെലവ് പത്രികയിൽ ഫണ്ട് വിഭാഗത്തിൽ ഉൾപ്പെടുത്തിയില്ല | 1-25 |
| 35 | കണ്ടിജൻസി ചെലവുകൾ- ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല | 1-26 |
| 36 | വീട് വാസയോഗ്യമാക്കൽ എസ് സി - മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-27 |
| 37 | പൈപ്പ്ലൈൻ വലിക്കലും വാട്ടർ കണക്ഷൻ നൽകലും - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-28 |
| 38 | പൈപ്പ്ലൈൻ വലിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-29 |
| 39 | എസ്.എസ്.കെ.ഫണ്ട് അടവാക്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-30 |
| 40 | സ്ട്രീറ്റ് മെയിൻ വലിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-31 |
| 41 | ഐ.കെ.എം.വിഹിതം അടവാക്കൽ -ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-32 |
| 42 | തൊഴിലുറപ്പ് പദ്ധതി - പശുത്തൊഴുത്ത് നിർമ്മാണം - മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക നൽകി | 1-33 |
| 43 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - തുണ്ടിയിൽ മുതൽ മുട്ടത്തിൽ വരെ റോഡ് കോൺക്രീറ്റിംഗ് - നികുതികൾ ടി.ഡി.എസ്. ആയി ഈടാക്കിയിട്ടില്ല | 1-34 |
| 44 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -നികുതികൾ ഈടാക്കിയിട്ടില്ല | 1-35 |

| | | |
|---|---|---|
| 45 | റോഡ് കണക്ടിവിറ്റി മാപ്പിംഗ് - പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 1-36 |
| 46 | യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-37 |
| 47 | അങ്കണവാടി പോഷകാഹാരം പദ്ധതി -മതിയായ തുക അടങ്കലിൽ ഉൾപ്പെടുത്തുന്നില്ല | 1-38 |
| ഭാഗം **2** | | |
| 1 | സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം | 2-1 |
| 2 | വസ്തുനികുതി ഈടാക്കിയത് ക്രമപ്രകാരമല്ല- വരുമാന നഷ്ടം | 2-2 |
| ഭാഗം **3** | | |
| 1 | പദ്ധതി നിർവ്വഹണം - ചെലവ് ആവർത്തിച്ച് നൽകി | 3-1 |
| 2 | യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കില്ല | 3-2 |
| 3 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - തുണ്ടിയിൽ മുതൽ മുട്ടത്തിൽ വരെ റോഡ് കോൺക്രീറ്റിംഗ് - നികുതികൾ ടി.ഡി.എസ്. ആയി ഈടാക്കിയിട്ടില്ല | 3-3 |
| 4 | തൊഴിലുറപ്പ് പദ്ധതി - പശുത്തൊഴുത്ത് നിർമ്മാണം - മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക നൽകി | 3-4 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I)കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14.07.2023-ലെ 2(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 25.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II)C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് തുടങ്ങിയവയുടെ ലെഡ്ജറിൽ വർഷാവസാനം ആണ് ഡിമാന്റ് എൻട്രി വരുത്തുന്നത്.

1-1-2 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.
ഉദാ. റേഷ്യോസ്

1-1-3 സി.എഫ്.സി. ഗ്രാന്റ് - ടൈഡ്, അൺടൈഡ് തെറ്റായി റസീപ്റ്റ് ചെയ്തു

എ.സി.ആർ., ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം സി.എഫ്.സി. ഗ്രാന്റ് വരവ് തുക വാർഷികകണക്കുമായി വ്യത്യാസം നിലനിൽക്കുന്നു.

| ഐറ്റം | തിയതി / വൌച്ചർ നം. | തുക | റിമാർക്സ് |
|---|---|---|---|
| | XVFC/2022-23 / R / 2/07.07.2022 | 1466000 /- സി.എഫ്.സി. ഗ്രാന്റ് ടൈഡ് | സി.എഫ്.സി. ഗ്രാന്റ് ടൈഡ് ഇനത്തിലെ ബാങ്കിലെ വരവ് 29,32,000/- രൂപയാണ്. എന്നാൽ RP 30 പ്രകാരം ബാങ്കിലെ വരവ് 19,54,000/- രൂപയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് ബേസിക് ഗ്രാന്റ് ഇനത്തിലെ വരവാണ്. |
| | XVFC/2022-23 / R / 3/30.09.2022 | 23412 /- (INTERST) | |
| | XVFC/2022-23 / R / 6/19.11.2022 | 1466000/- 1466000/- സി.എഫ്.സി. ഗ്രാന്റ് ടൈഡ് | |
| | XVFC/2022-23 / R / 9/19.11.2022 | 40060 /- (INTERST) | |
| | XVFC/2022-23 / R / 7/31.12.2022 | 33001/- (INTERST) | |
| | | | |
| | XVFC/2022-23 / R / 1/27.06.2022 | 977000 /-സി.എഫ്.സി. ഗ്രാന്റ് അൺടൈഡ് | സി.എഫ്.സി. ഗ്രാന്റ് അൺടൈഡ് ആകെ വരവ് 19,54,000/- രൂപയാണ്. എന്നാൽ RP 30 പ്രകാരം ബാങ്കിലെ വരവ് 30,34,878/- |

| | | | |
|---|---|---|---|
| | | | രൂപയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്, ഇതിൽ പലിശ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും |
| | XVFC/2022-23 / R / 5/11.11.2022 | 977000 /-സി.എഫ്.സി. ഗ്രാന്റ് അൺടൈഡ് | സി.എഫ്.സി. ഗ്രാന്റ് അൺടൈഡിനു പകരം ടൈഡ് ഗ്രാന്റ് ആണ് ചേർത്തത് |
| അപാകത – വാർഷിക കണക്കിൽ സി.എഫ്.സി. ഗ്രാന്റ് അൺടൈഡ്, ടൈഡ് എന്നിവ തെറ്റായി റസീപ്റ്റ് ചെയ്തിരിക്കുന്നു. അൺടൈഡ് ടൈഡിന്റെ ഹെഡിലും, ടൈഡ് അൺടൈഡിന്റെ ഹെഡിലും ആണ് റസീപ്റ്റ് ചെയ്തിട്ടുള്ളത്. | | | |

1-1-4 ലോൺ രജിസ്റ്റർ കാലികമാക്കുന്നില്ല

ലോൺ രജിസ്റ്റർ ഉണ്ടെങ്കിലും കാലികമാക്കി സൂക്ഷിച്ചില്ല. ലോൺ തിരിച്ചടവ് തുകയുടെ ആധികാരികത ഉറപ്പിക്കാനായില്ല.

1-1-5 സംയുക്ത പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് ചെലവ് സൂലേഖ സ്റ്റേറ്റ്മെന്റ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

സംയുക്ത പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ ചെലവ് സൂലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 11,26,693 /- രൂപയാണ്, എന്നാൽ വാർഷികകണക്ക് പ്രകാരം 10,50,761 /- രൂപയാണ്, പൊരുത്തപ്പെടുന്നില്ല.

1-1-6 തൊഴിലുറപ്പ് പദ്ധതിയുടെ ഇ.എഫ്.എം.എസ്. സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. I6 ഷെഡ്യൂൾ പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ്. ആകെ ചെലവ് 4,29,22,788/- രൂപയാണ്. എന്നാൽ ഇ.എഫ്.എം.എസ്. സ്റ്റേറ്റ്മെന്റ് പ്രകാരം 4,41,00,000 /- രൂപയാണ് ചെലവ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

1-1-7 B4 ഷെഡ്യൂൾ പ്രകാരം സി.എഫ്.സി. ഫണ്ടിനത്തിൽ കാണിച്ചിട്ടുള്ള ബാധ്യതയ്ക്ക് തത്തുല്യമായ തുക പ്രസ്തുത തുക കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൌണ്ടിൽ നീക്കിയിരുപ്പില്ല

ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം സി.എഫ്.സി. ഫണ്ടിനത്തിൽ കാണിച്ചിട്ടുള്ള ബാധ്യതയ്ക്ക് തത്തുല്യമായ തുക പ്രസ്തുത തുക കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൌണ്ടിൽ നീക്കിയിരുപ്പില്ല. സി.എഫ്.സി. ഫണ്ടിനത്തിൽ B17, ഷെഡ്യൂളിൽ നീക്കിയിരുപ്പ് തുക 12,34,158 /- രൂപയാണ്. എന്നാൽ B4 ഷെഡ്യൂളിൽ 50,35,019 /- രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു.

1-1-8 ബി4 ഷെഡ്യൂളിൽ തുക അവശേഷിക്കുന്നു

ബെനിഫിഷറി കോൺട്രിബ്യൂഷൻ ഇനത്തിൽ 5,43,800 /- ബി4 ഷെഡ്യൂളിൽ അവശേഷിക്കുന്നുണ്ട്, ഈ തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-9 മുൻവർഷങ്ങളിൽ സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

സംയുക്ത പ്രോജക്ടുകൾക്ക് മുൻവർഷങ്ങളിൽ ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് ഷെയറും ജില്ലാപഞ്ചായത്ത് ഷെയറും ബാലൻസ് ഷീറ്റിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ഈ തുക ചെലവഴിക്കുകയോ, അല്ലാത്ത പക്ഷം തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 26.03.2022 തീയതിയിലെ 1-(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 14,59,57,274 | 14,42,80,300 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 10,11,33,323 | 9,95,72,817 |

പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

23.03.2023 തീയതിയിലെ 1-(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 16,65,39,635 | 16,58,55,300 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 10,11,33,323 | 9,95,72,817 |

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 78,89,328 |
| വരവ് | 1,83,66,722 |
| ആകെ | 2,62,56,050 |
| ചെലവ് | 1,90,07,028 |
| നീക്കിയിരിപ്പ് | 72,49,022 |

1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ്(സ്രോതസ്സിൽ കുറവ് ചെയ്തത് ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,20,35,000 | 1,20,35,000 | 1,03,29,318 | 17,05,682(Lapsed) |
| വികസന ഫണ്ട് | 0 | 24,48,000 | 24,48,000 | 18,01,026 | 6,46,974(Lapsed) |

| | | | | | |
|---|---|---|---|---|---|
| (എസ്.സി.പി.) | | | | | |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 | | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 22,22,000 | 22,22,000 | 19,26,552 | 2,95,448 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 45,70,000 | 45,70,000 | 31,84,034 | 13,85,966 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ് -ട്രഷറി | 0 | 6,58,740 | 6,58,740 | 4,75,000 | 1,83,740 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് അൺടൈഡ് -ട്രഷറി | | 5,13,528 | 5,13,528 | 4,48,017 | 65,511 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് ബാങ്ക് | 9,19,707 | 49,88,878 | 59,08,585 | 46,74,427 | 12,34,158 |

1)സി.എഫ്.സി. ഗ്രാന്റ് അൺടൈഡ് ചെലവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ. പ്രകാരം യഥാക്രമം 24,67,528/- 25,12,266 /- രൂപയാണ്. 44,738 /- രൂപയുടെ വ്യത്യസം നിലനിൽക്കുന്നു. എ.സി.ആർ.ൽ ബാലൻസ് തുക – 44,738 /- (മൈനസ് തുക) കാണുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2)മെയിന്റനൻസ് ഫണ്ട് നോൺ റോഡ് ആകെ ചെലവ് 32,15,216/- രൂപ(വാർഷികകണക്കിലെ I6 ഷെഡ്യൂളിലെ ചെലവുമായി 31,84,034 /- (2420935 +763099) പൊരുത്തപ്പെടുന്നില്ല, 31182/- രൂപയുടെ വ്യത്യാസം കാണിക്കുന്നു.

3)വികസനഫണ്ട് ജനറൽ ആകെ ചെലവ് 10,355,368 /- രൂപ (ജി.ഒ. പ്രോജക്ട് 1507267 + അലോട്ട്മെന്റ് വരവ് 8848101) വാർഷികകണക്കിലെ I 6 ഷെഡ്യൂളിലെ ചെലവുമായി 1,03,15,368 /- പൊരുത്തപ്പെടുന്നില്ല (8428410 + 1886958 C.c) 40,000/- രൂപയുടെ വ്യത്യാസം കാണിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 126 | 3,83,78,411 | 102 | 2,58,22,087 | 29 | 24 | 57.93% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1,598 | 7,64,263 | 7,65,861 | 1,566 | 7,64,295 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 4,29,21,222 | 4,29,21,222 | 4,29,21,222 | 0 |
| ആകെ | 1,598 | 4,36,85,485 | 4,36,87,083 | 4,29,22,788 | 7,64,295 |

## 1-7 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1,12,83,200 | 14 |
| വിധവാ പെൻഷൻ | 40,02,000 | 7174 |
| വാർദ്ധക്യകാല പെൻഷൻ | 81,75,800 | 5216 |
| വികലാംഗ പെൻഷൻ | 18,96,800 | 1214 |
| അവിവാഹിത പെൻഷൻ | 2,88,000 | 180 |
| തൊഴിലില്ലായ്മ വേതനം | 9,600 | 14 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.11.2023 തീയതിയിൽ 03:00 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 434/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2 പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3. മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ സമയ ക്ലിപ്തത പാലിക്കപ്പെടുന്നില്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിൽ നിയമപരമായ നടപടി ക്രമങ്ങൾ പാലിക്കപ്പെടുന്നില്ല.

4. മരാമത്ത് പ്രവൃത്തികളിൽ ഫലവത്തായ മോണിറ്ററിംഗ് നടത്തപ്പെടുന്നില്ല

5. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

6. പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന യഥാസമയം നടത്താത്തതിനാൽ ഉപയോഗ ശൂന്യമായവയ്ക്കും തുക ഒടുക്കേണ്ടി വരുന്നു. ഇത് പഞ്ചായത്തിന് സാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 ടാക്സ് ഓഡിറ്റ് - അവലോകനം

പഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം -അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച് 2022-23 വർഷത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ ഭരണസമിതിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ബജറ്റും വരവുമായുള്ള അന്തരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ 29.12.2022 തീയതിയിൽ 3(1) തീരുമാന പ്രകാരം ചർച്ച ചെയ്തതനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ച തനത് വരുമാനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ സമാഹരിക്കുന്നത് ഉറപ്പാക്കുന്നതിനായി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിശ്ശിക നിവാരണത്തിനായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും, പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് സ്ഥാപനങ്ങളിൽ പരിശോധന നടത്താനും തീരുമാനിച്ചു. മുൻവർഷങ്ങളിലെ വരവിനങ്ങൾ വർഷാവസാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പാക്കിയിട്ടുണ്ട്. 01.04.2023-ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകളെ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 04.05.2023-ലെ 1(1) തീരുമാന പ്രകാരം ചർച്ച ചെയ്ത ശിപാർശകൾ 14.07.2023 തീയതിയിൽ ഭരണസമിതിയിൽ ചർച്ച ചെയ്ത് കമ്മറ്റിയുടെ 31) നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

വസ്തു നികുതി സംബന്ധിച്ച്

വസ്തു സംബന്ധിച്ച രജിസ്റ്ററുകളും, സഞ്ചയയിലെ വസ്തു നികുതി വരവും, ILGMS വരവും തമ്മിലുള്ള അന്തരം താഴെ പട്ടികയിൽ സൂചിപ്പിക്കുന്നു.

| | റെസിഡെൻഷ്യൽ കെട്ടിടങ്ങൾ | നോൺ - റെസിഡെൻഷ്യൽ കെട്ടിടങ്ങൾ |
|---|---|---|
| ILGMS പ്രകാരമുള്ള വരവ് | 10,31,225 | 3,75,814 |
| സഞ്ചയ പ്രകാരമുള്ള വരവ് | 10,50,236 | 3,72,042 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 04.05.2023-ലെ 1(1) തീരുമാന പ്രകാരം ചർച്ച ചെയ്ത 01.04.2023-ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകളെ സംബന്ധിച്ച ശിപാർശകൾ ജനറൽ കമ്മറ്റിയുടെ 18.05.2023 തീയതിയിലെ 3(1) നമ്പർ തീരുമാന പ്രകാരം കരട് വിജ്ഞാപനവും 14.07.2023 തീയതിയിലെ 3(1) തീരുമാന പ്രകാരം അന്തിമ വിജ്ഞാപനവും സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തുകയും ചെയ്തു. അന്തിമ

വിജ്ഞാപനം നടത്തി സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തുന്നതിന് മുൻപ് 01.04.2023 ന ശേഷം അസസ്സ് ചെയ്ത കെട്ടിട ഉടമകളിൽ നിന്നും പരിഷ്കരിച്ച നിരക്കിൽ വസ്തുനികുതി ഈടാക്കാൻ സാധിച്ചിരുന്നില്ല, ടി കാലയളവിൽ പരിഷ്കരിച്ച വസ്തുനികുതി നിരക്ക് പ്രകാരം അധികമായി ഈടാക്കേണ്ട തുക ഭാവിയിൽ ടി കെട്ടിട ഉടമകളിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പഴയ കെട്ടിടങ്ങളുടെ വിഷയത്തിൽ മുൻ സാമ്പത്തിക വർഷം ഒടുക്കിയ വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തി തുക ഈടാക്കുന്നുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖല വിഭജനം പരിഷ്കരിക്കാതെ 2013-ലെ മേഖലാ വിജ്ഞാപനം നിലനിർത്തിയിട്ടുണ്ട്. പഞ്ചായത്ത് റോഡ് മാപ്പിൽ വഴി സൌകര്യം രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ, അസസ്സ്മെൻറ് രജിസ്റ്ററുകൾ, നികുതി ഇളവ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ അനധികൃതമായി നികുതി ഇളവുകൾ അനുവദിച്ചതായി കാണുന്നില്ല. ഫീൽഡ് സന്ദർശനങ്ങൾ നടത്തിയാണ് നികുതി ഇളവ് അനുവദിക്കുന്നത്. പഞ്ചായത്തിൽ UA രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്, ടി രജിസ്റ്ററിൽ രേഖപ്പെടുത്തിയ UA നമ്പർ നല്കിയ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നത് വരെ 3 ഇരട്ടി തുക ഈടാക്കുന്നുണ്ട്. മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നത് ക്രമപ്രകാരം ആണ്. ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടുന്നുണ്ട്. ഇതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല.

തൊഴിൽ നികുതി

രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപങ്ങൾക്കും ഡിമാൻറ് നോട്ടീസ് കൃത്യ സമയത്ത് നല്കി തൊഴിൽ നികുതി വസൂലാക്കുന്നുണ്ട്. സ്ഥാപന ഉടമകളുടെയും ജീവനക്കാരുടെയും പക്കൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, മറ്റ് പ്രഫഷണലുകൾ മാരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനിയേഴ്സ്, വാഹന ഉടമകൾ ഇവരിൽ നിന്നും പഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്നവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കാത്തത് ഇത്തരം നികുതി നഷ്ടത്തിന് കാരണം ആകുന്നു. സ്ഥപനങ്ങളും സ്ഥാപന മേധാവികളും കൈമാറുന്ന നികുതി പത്രികകൾ പ്രകാരമുള്ള തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്ക് വരുത്താറുണ്ട്. വാർഷിക ധനകാര്യ പത്രികകളിലെയും രജിസ്റ്ററുകളിലെയും ഡിമാന്റ്-കളക്ഷൻ -ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്, ഇത് സംബന്ധിച്ച രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

വിനോദ നികുതി

പഞ്ചായത്തിൽ സിനിമാ തിയറ്ററുകൾ ഇല്ലാത്തതിനാൽ അതിൽ നിന്നുള്ള വിനോദ നികുതി ലഭിക്കുന്നില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കേബിൾ ടി.വി നെറ്റ് വർക്കുകളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

നികുതിയേതര വരവുകൾ

തൊഴിൽ നികുതി, ട്രേഡേഴ്സ് ലിസ്റ്റ്, സഞ്ചയ, ഇവ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളും പഞ്ചായത്തിൽ ക്രമപ്രകാരമുള്ള ലൈസൻസ് ഫീസ് ഒടുക്ക് വരുത്തുന്നുണ്ട്.

## 1-11 സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം

1996-ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1,250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | SCB കുമരകരി | രണ്ട് അർദ്ധവർഷങ്ങളിലും | 1250X2= 2500 |
| 2 | ക്നാനായ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ക്രഡിറ്റ് സൊസൈറ്റി | രണ്ട് അർദ്ധവർഷങ്ങളിലും | 1250X2= 2500 |
| 3 | വെളിയനാട് ക്ഷീരോൽപ്പാദക സഹകരണസംഘം A-68 (D)-APCOS | രണ്ട് അർദ്ധവർഷങ്ങളിലും | 1250X2= 2500 |
| 4 | കിടങ്ങറ ക്ഷീരോൽപ്പാദക സഹകരണസംഘം A -214 (D)-APCOS | രണ്ട് അർദ്ധവർഷങ്ങളിലും | 1250X2= 2500 |
| 5 | ഈര ക്ഷീരോൽപ്പാദക സഹകരണസംഘം A -241 (D)-APCOS | രണ്ട് അർദ്ധവർഷങ്ങളിലും | 1250X2= 2500 |
| 6 | ക്ഷീര വ്യവസായ സഹകരണസംഘം ക്ലിപ്തം നം: A-10-(D) | രണ്ട് അർദ്ധവർഷങ്ങളിലും | 1250X2= 2500 |
| 7 | ഫെഡറൽ ബാങ്ക്, കിടങ്ങറ | രണ്ടാം അർദ്ധവർഷം | 1250X1= 1250 |
| 8 | കാനറ ബാങ്ക് | രണ്ട് അർദ്ധവർഷങ്ങളിലും | 1250X2= 2500 |
| | ആകെ | | 18,750/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തത് മൂലം നികുതിയിനത്തിൽ പഞ്ചായത്തിന് 18,750/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായി. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:13, 15.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 വസ്തു നികുതി നിർണ്ണയവും നമ്പർ നൽകലും - സർക്കാർ ഉത്തരവ് ലംഘിക്കപ്പെടുന്നു

കേരള കെട്ടിട നികുതി നിയമം 1975, വകുപ്പ് 5 എ പ്രകാരമുള്ള രസീത്/വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ പകർപ്പ് ഹാജരാക്കിയശേഷം മാത്രമേ വസ്തുനികുതി നിർണ്ണയവും നമ്പർ നൽകലും തദ്ദേശഭരണ

സ്ഥാപനങ്ങൾ നടത്താവൂ എന്ന് സ.ഉ(എം.എസ്)നം:231/15/തസ്വഭവ തീയതി 09.07.2015 നിഷ്കർഷിച്ചിട്ടുണ്ട്. 2022-23 വർഷം ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പെർമിറ്റും നമ്പറിങ്ങും സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഗാർഹിക, വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിക്കുന്നതിന് മുൻപായി കേരള കെട്ടിട നികുതി നിയമം 1975 പ്രകാരമുള്ള ഒറ്റ തവണ നികുതി റവന്യൂ വകുപ്പിൽ ഒടുക്കിക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ റിട്ടേൺ പകർപ്പ് കെട്ടിട ഉടമകൾ ഹാജരാക്കുന്നില്ല. ഈ പരിശോധന നടത്താതെയാണ് പഞ്ചായത്ത് കെട്ടിട നമ്പർ അനുവദിക്കുന്നത്. ഇതുമൂലം സർക്കാരിന് ലഭിക്കേണ്ട നികുതി യഥാകാലം ലഭിക്കാതെ പോകുവാനോ നഷ്ടപ്പെടുവാൻ പോലുമോ സാദ്ധ്യതയുണ്ട്. കേരള കെട്ടിട നികുതി നിയമം 1975 പ്രകാരമുള്ള ഒറ്റ തവണ നികുതി റവന്യൂ വകുപ്പിൽ ഒടുക്ക് വരുത്തിയിട്ടുണ്ട് എന്ന് ഉറപ്പാക്കിയതിന് ശേഷം മാത്രമേ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുകയുള്ളൂ എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/ 15.11.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം അനുസരിച്ച് കൊണ്ട് മേൽപ്പറഞ്ഞ കെട്ടിട നികുതി ഒടുക്കി എന്ന് ഉറപ്പാക്കിയ ശേഷം മാത്രം വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി ഈടാക്കിയത് ക്രമപ്രകാരമല്ല

വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി, ടി കെട്ടിടത്തിന്റെ ഉപയോഗക്രമം കണക്കിലെടുത്ത് ഒന്നായി കണ്ട് നിശ്ചിത നിരക്കിൽ നികുതി നിർണ്ണയിക്കാതെ അതിനെ ഒന്നിലധികം മുറികളായി വിഭജിച്ച് പ്രത്യേകം മുറികൾ എന്ന രീതിയിൽ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് വസ്തുനികുതിയിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 2-2 കണ്ടാലും.

## 1-14 ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ. വെളിയനാട് ശാഖയിൽ 3.07.2019-ൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിരുന്നുവെങ്കിലും പ്രസ്തുത അക്കൗണ്ടിൽ 7.11.22 മുതലാണ് ഇ ടെണ്ടർ ഫീസ് ക്രെഡിറ്റ് ആയിട്ടുള്ളതെന്ന് കാണുന്നു.

2018 മുതൽ 7.11.22 വരെയുള്ള കാലയളവിലെ ഈ ടെണ്ടർ ഫീ ഇനത്തിലുള്ള തുക എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്ക് പ്രകാരം ടി ഇനത്തിൽ 58,554/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കേണ്ടതായുണ്ട്. എന്നാൽ ടി തുക നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/14.11.23) ലഭ്യമാക്കിയ മറുപടിയിൽ അക്കൗണ്ടുമായി സൈറ്റ് മാപ്പ് ചെയ്യുന്നതിലുണ്ടായ കാലതാമസം മൂലമാണ് പ്രസ്തുത അപാകം ഉണ്ടായിട്ടുള്ളതെന്നും, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ടി തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ചെലവഴിക്കാത്ത തുക സുലേഖ ചെലവ് പത്രികയിൽ ചെലവായി ഉൾപ്പെടുത്തി

പ്രോജക്ട് നം. - S 0005/23
പ്രോജക്ടിന്റെ പേര് - വാർഡ് 11-ൽ എസ്.എൻ.ഡി.പി.ശ്മശാനത്തിലേക്ക് വൈദ്യുത ലൈൻ വലിക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യ കമ്മീഷൻ അവാർഡ് - 54000

മേൽ പ്രോജക്ട് പ്രകാരം 54,000 രൂപ ചെലവഴിച്ചതായാണ് സുലേഖ ചെലവ് പത്രികയിലെ രേഖപ്പെടുത്തൽ. എന്നാൽ ഇ -ഗ്രാം സ്വരാജിൽ നിന്നും പ്രവൃത്തിയ്ക്കായി ബില്ല് മാറിയിട്ടില്ല. സാംഖ്യയിൽ തുക ചെലവായതായി ഡാറ്റ എൻട്രി ചെയ്തു. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/14.11.23) മറുപടി ലഭ്യമാക്കിയില്ല. തുക ചെലവഴിക്കാത്ത പ്രവൃത്തിയ്ക്ക് സുലേഖ ചെലവ് പത്രികയിൽ ചെലവ് ചെയ്തതായി രേഖപ്പെടുത്തിയെങ്കിലും തുക വിനിയോഗിക്കാൻ സാധിച്ചില്ല. പ്രോജക്ടുകളിൽ നിന്നുള്ള ചെലവുകൾ സാംഖ്യയിൽ കൃത്യമായി എൻട്രി വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-16 വെള്ളക്കരം - ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കാത്തതിനാൽ ഭീമമായ തുക വാട്ടർ അതോറിറ്റിയിൽ അടവാക്കേണ്ടി വരുന്നു

2022-23 സാമ്പത്തിക വർഷം പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രോജക്ട് മുഖേന തുക അടവാക്കിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.(നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി)

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|---|---|---|
| 1 | S0027/23 | വെള്ളക്കരം അടവാക്കൽ | മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 10,92,000 | 10,92,000 |
| ആകെ ചെലവ് | | | | | 10,92,000 |

ചെലവ് വിവരം

1) ബിൽ നം.66/22-23/15.03.23 തുക 684915

2) ബിൽ നം.68/22-23/20.03.23 തുക 407085

പഞ്ചായത്ത് പരിധിയിലാകെ 284 പൊതു കുടിവെള്ള ടാപ്പുകളാണ് ഉള്ളത്. ടാപ്പ് ഒന്നിന് പ്രതിവർഷം 5,788.13 രൂപ നിരക്കിൽ പ്രതിമാസം 1,36,983 രൂപയാണ് 2023 ഫെബ്രുവരി വരെ വെള്ളക്കരം ഡിമാന്റ് ചെയ്തിരുന്നത്. തനത് ഫണ്ടിൽ നിന്നും അടവാക്കാൻ തുക ഇല്ലാത്തതിനാൽ പ്രതിമാസം Closing Balance ഉം Fine ഉം ഉൾപ്പടെ ഭീമമായ തുകയാണ് ഡിമാന്റ് ചെയ്യപ്പെടുന്നത്. എന്നാൽ 2023 മാർച്ചിൽ വെള്ളക്കരം ടാപ്പൊന്നിന് പ്രതിവർഷം 14,559.12 രൂപയായി വർദ്ധിച്ചുമൂലം പ്രതിമാസ വെള്ളക്കരം 3,44,563 രൂപയായി ഉയർന്നു. ഇത് പഞ്ചായത്തിന്റെ അനിവാര്യചെലവിൽ വലിയ വർദ്ധനവിന് കാരണമാകുന്നു.
284 പൊതുടാപ്പുകളിൽ ഉപയോഗശൂന്യമായവ വിച്ഛേദിക്കുന്നതിനായി സംയുക്ത പരിശോധന നടത്തുന്നതിനായി വാട്ടർ അതോറിറ്റി അധികാരികൾക്ക് കത്ത് നൽകുന്നതിന് 30.03.23 ലെ 1(5) നം. പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 10.10.23-ൽ എസ്.സി.1-1280/22 നം.കത്ത് നൽകി. എന്നാൽ നാളിതുവരെ സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിനോ വെള്ളക്കരത്തിൽ കുറവ് വരുത്തുന്നതിനോ യാതൊരുവിധ നടപടികളും വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടില്ല. ഇത് ഉപയോഗിക്കാത്ത ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതിന് ഇടയാകുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.24/18.11.23) മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-17 രോഗ നിർണ്ണയ സംവിധാനങ്ങൾ ഒരുക്കൽ - രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

2022-23 വർഷം ഹെൽത്ത് ഗ്രാന്റിൽ നിന്നും തുക വകയിരുത്തി മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നിർവ്വഹണം ചെയ്ത പ്രോജക്ടിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് | പ്രോജക്ടിന്റെപേര് | വകയിരുത്തൽ | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| നം. | | | |
| S0100/23 | കുടുംബക്ഷേമ ഉപകേന്ദ്രത്തിലെ രോഗ നിർണ്ണയ സംവിധാനങ്ങൾ ഒരുക്കൽ | 2,27,094 | 2,25,132 |

ചെലവ് വിവരം

1) ബിൽ നം.203/18.03.23 തുക 10500

2) ബിൽ നം.221/18.03.23 തുക 90632

3) ബിൽ നം.221/23.03.23 തുക 124000

മേൽ ബില്ലുകൾ പ്രകാരമുള്ള വാങ്ങലുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ബിൽ നം./ തീയതി | ഇനം | തുക |
|---|---|---|---|---|
| 1 | ജൻ ഔഷധി കേന്ദ്ര വണ്ടാനം ആലപ്പുഴ | PMBJK0121/ 08.03.23 | 5 ഇനം മരുന്നുകൾ | 10,500 |
| 2 | ആർട് കോ ലിമിറ്റഡ് ചെങ്ങന്നൂർ | ALP 709/ 15.03.23 | ഫർണിച്ചറുകൾ | 90,632 |
| 3 | ജൻ ഔഷധി മെഡിക്കൽസ് രാമങ്കരി | 00435/ 20.03.23 | 8 ഇനം മെഡിക്കൽ ഉപകരണങ്ങൾ | 1,24,000 |

മേൽ പ്രോജക്ടിൽ നിന്നുള്ള വാങ്ങലുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.25/18.11.23) മറുപടി ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 2,25,132 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 ഹെൽത്ത് വെൽനെസ് പ്രോഗ്രാം - അപാകതകൾ

2022-23 വർഷം ഹെൽത്ത് ഗ്രാന്റിൽ നിന്നും തുക വകയിരുത്തി മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നിർവ്വഹണം ചെയ്ത പ്രോജക്ടിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെപേര് | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| S0101/23 | കുടുംബ ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനെസ് പ്രോഗ്രാം | 1,18,981 | 87,343 |

മേൽ ബില്ലുകൾ പ്രകാരമുള്ള ചെലവുകളുടെ വിവരം താഴെ ചേർക്കുന്നു.

1) ബിൽ നം.222/23.03.23 തുക 30000

മെഡിക്കൽ ഓഫീസറുടെ 25.03.23-ലെ 221/2023 നം.ഉത്തരവ് പ്രകാരം, ഹെൽത്ത് ഗ്രാന്റ് തുകയിൽ നിന്നും ക്യാമ്പിന് ആവശ്യമായ Board Making, Designing,fixing വാങ്ങിച്ച വകയിൽ ചെലവായ 30,000 രൂപ തിമോത്തിയ്ക്ക് നൽകി. തിമോത്തി ഡിജിറ്റൽ സ്റ്റുഡിയോ & ഡിസൈൻ വർക്ക്സിന്റെ 21.03.23-ലെ 1025 നം. ബില്ലിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Sl.no | Description | Amount |
|---|---|---|
| 1 | IEC Board<br>Designing<br>Board Making<br>Fixing | 30000 |

ക്യാമ്പ് നടത്തിയതിന്റെ രേഖകൾ, പങ്കെടുത്തവരുടെ ഹാജർ, Board Making, Fixing എന്നിവയ്ക്കായി 30,000 രൂപ ചെലവഴിച്ച് ബോർഡ് സ്ഥാപിച്ചതിന്റെ വിവരം എന്നിവ ലഭ്യമല്ല.

2) ബിൽ നം.256/28.03.23 തുക 10340

കുന്നംകരി, കിടങ്ങറ സബ് സെന്ററിന്റെ കീഴിൽ നടന്ന മെഡിക്കൽ ക്യാമ്പുകളുടെ അനുബന്ധ ചെലവുകൾക്ക് 10,340 രൂപ പ്രശാന്ത് എസ്., ഹെൽത്ത് ഇൻസ്പെക്ടറുടെ അക്കൌണ്ടിൽ നൽകി. ക്യാമ്പ് നടത്തിയതിന്റെ രേഖകൾ, പങ്കെടുത്തവരുടെ ഹാജർ, എന്നിവ ലഭ്യമല്ല. ചെലവ് തുക ബന്ധപ്പെട്ട വ്യക്തികളുടെയോ / സ്ഥാപനങ്ങളുടെയോ അക്കൌണ്ടിൽ നൽകാതെ ഹെൽത്ത് ഇൻസ്പെക്ടറുടെ അക്കൌണ്ടിൽ നൽകി.

3) ബിൽ നം.257/28.03.23 തുക 6634

4) ബിൽ നം.262/28.03.23 തുക 40369

| ക്രമ നം. | സ്ഥാപനം | ബിൽ നം./ തീയതി | ഇനം | തുക |
|---|---|---|---|---|
| 1 | Care Surgicals & Diagnostics | A2218/22-23/ 15.03.23 | 5 ഇനം മെഡിക്കൽ ഉപകരണങ്ങൾ | 6,634 |
| 2 | Care Surgicals & Diagnostics | A2285/22-23/ 24.03.23 | 16 ഇനം മെഡിക്കൽ ഉപകരണങ്ങൾ | 40,369 |

6634, 40369 എന്നീ തുകകൾ Care Surgicals & Diagnostics, ആലപ്പുഴയ്ക്ക് നൽകി. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.26/18.11.23) മറുപടി ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 87,343 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 കുടിവെള്ള വിതരണം - ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

പ്രോജക്ട് നം. - S 0009/23

പ്രോജക്ടിന്റെപേര് - കുടിവെള്ള വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസന ഫണ്ട്(പൊതുവിഭാഗം) - 180000

ചെലവ് - 179466

ഡി.പി.സി.അംഗീകരിച്ച പ്രോജക്ട് പ്രകാരം കുട്ടനാട് തഹസിൽദാർ അംഗീകരിച്ച് നൽകിയ നിരക്ക് പ്രകാരം കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ വാഹനത്തിലും വള്ളത്തിലും കുടിവെള്ളം നൽകുന്നു. കൂടാതെ അനുബന്ധ ചെലവുകൾ നൽകുന്നു.

ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

1) ബിൽ നം.201/17.03.23 തുക 12264

Neswa Solutions Pvt Ltd, Vytilla യ്ക്കാണ് തുക നൽകിയത്. Neswa Solutions ന്റെ ടാക്സ് ഇൻവോയ്സുകളുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

ഇൻവോയ്സ് നം./തീയതി - INV64/11.09.20

| Item | Qty | Rate | Taxable Value | CGST(9%) | SGST(9%) | TOTAL |
|---|---|---|---|---|---|---|
| TANK(GPS) | 2 | 1000 | 2000 | 180 | 180 | 2360 |
| VEHICLE FARE | 1 | 600 | 700 | | | 700 |
| TOTAL | | | | | | 3060 |

ഇൻവോയ്സ് നം./തീയതി - NSL30/15.10.22

| Item | Qty | Rate | Taxable Value | CGST(9%) | SGST(9%) | TOTAL |
|---|---|---|---|---|---|---|
| (GPS)RENT | 3 | 1300 | 3900 | 351 | 351 | 4602 |
| TOTAL | | | | | | 4602 |

ഇൻവോയ്സ് നം/തീയതി -NSL26/30.05.21

| Item | Qty | Rate | Taxable Value | CGST(9%) | SGST(9%) | TOTAL |
|---|---|---|---|---|---|---|
| TANK(GPS) | 3 | 1300 | 3900 | 351 | 351 | 4602 |
| TOTAL | | | | | | 4602 |

2) ബിൽ നം.12/22-23/16.09.22 തുക 80622

തുക കെ.സന്തോഷിന് നൽകി.

3) ബിൽ നം.16/22-23/25.10.23 തുക 86580

തുക രാജേഷ് പി.ജി.യ്ക്ക് നൽകി.

അപാകതകൾ ചുവടെ കൊടുക്കുന്നു.

A) ക്രമ നം.1 പ്രകാരമുള്ള 12,264 രൂപയുടെ ചെലവ് കുടിവെള്ള വിതരണം പ്രോജക്റ്റിൽ ഉൾപ്പെടുത്തി ചെലവഴിക്കാൻ പ്രത്യേക അനുമതിയോ ഉത്തരവോ ഇല്ല.

B) കുട്ടനാട് തഹസിൽദാരുടെ 14.02.22-ലെ എ12-704/2022 നം.ഉത്തരവ് പ്രകാരം, വാഹനത്തിൽ വെള്ളം വിതരണം ചെയ്തതിന് ക്രമ നം.2 പ്രകാരം 80,622 രൂപ കെ.സന്തോഷിന് നൽകി. എന്നാൽ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

C) കുട്ടനാട് തഹസിൽദാരുടെ 14.02.22-ലെ എ12-704/2022 നം.ഉത്തരവ് പ്രകാരം, യന്ത്രവൽകൃത വള്ളത്തിൽ വെള്ളം വിതരണം ചെയ്തതിന് ക്രമ നം.3 ലെ തുക രാജേഷ് പി.ജി.യ്ക്ക് നൽകി. എന്നാൽ ടിയാന്റെ പേരിൽ രേഖപ്പെടുത്തൽ ഒന്നുമില്ലാത്ത മുദ്രപ്പത്രം ആണ് ഫയലിൽ ഉള്ളത്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.29/18.11.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 1,79,466 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-20 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് മൂന്ന് സാമ്പത്തിക വർഷങ്ങൾക്ക ശേഷവും തിരികെ നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതും ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങളിൽ ടി കാലപരിധിയ്ക്ക് ശേഷമുള്ള തുകകളും ക്രമീകരിക്കപ്പെടാതെ നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | ഇന വിവരം | 31.3.23-ലെ നീക്കിയിരുപ്പ് | നീക്കിയിരുപ്പ് തുകയുടെ കാലയളവ് |
|---|---|---|---|
| 1 | കോൺട്രാക്റ്റേഴ്സ് ഇഎംഡി | 96515 | 2013-14 മുതൽ |
| 2 | സപ്ലൈയേഴ്സ് ഇഎംഡി | 112695 | 2016-17 മുതൽ |
| 3 | കോൺട്രാക്റ്റേഴ്സ് എസ്.ഡി | 5500 | 2014-15മുതൽ |
| 4 | ബിഡേഴ്സ് ഇഎംഡി | 3500 | 2015-16 മുതൽ |
| 5 | സപ്ലൈയേഴ്സ് എസ്.ഡി | 16062 | 2016-17 മുതൽ |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/15.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

ടി നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-21 ഫയലുകൾ ക്രമീകരിച്ചതിന് നൽകിയ തുക - അപാകത

വെളിയനാട് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 3.1.22 ലെ 3(1), 21.2.22 ലെ 3(2) തീരുമാനങ്ങൾ പ്രകാരം, 2018-19 കാലയളവിലെ തൊഴിലുറപ്പ് വിഭാഗത്തിലെ ഫയലുകൾ ക്രമീകരിക്കുന്നതിന് ഡേറ്റാ എൻട്രി ഓപ്പറേറ്ററെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും ആയതിനുള്ള തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 10 ദിവസം 755 രൂപ പ്രകാരം സ്വാതിദാസ്, പാലപ്പറമ്പ്, കിടങ്ങറ പി.ഒ.യ്ക്ക് 7,550 രൂപ തനത് ഫണ്ടിൽ നിന്നും നൽകി(ചെക്ക് നം.230580/8.4.22). തൊഴിലുറപ്പ് വിഭാഗത്തിലെ ഹാജർ പുസ്തകം പരിശോധിച്ചതിൽ 2018-19 ലും തുടർന്നുള്ള കാലയളവിലും തുക അനുവദിച്ച് നൽകിയ 2022-23 ലും അക്രഡിറ്റഡ് എഞ്ചിനീയർ, അക്രഡിറ്റഡ് ഓവർസിയർ തസ്തികകളിൽ 1 വീതവും, ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ 2 ഉം ഉൾപ്പടെ ആകെ 4 ജീവനക്കാരുണ്ട്.

ഇതു കൂടാതെ 2022-23 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 1,50,000 രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ പുതുക്കൽ പ്രോജക്ടിൽ (S0058/23) നിന്നും 1,36,074 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ താഴെ ചേർക്കുന്ന ചെലവുകൾ റെക്കോർഡ് റൂം അറേഞ്ച് ചെയ്തതിന് ദിവസ വേതനക്കാർക്ക് അനുവദിച്ച് നൽകിയതാണ്.

| ക്രമ നം. | ബിൽ നം./തീയതി | തുക |
|---|---|---|
| 1 | 30/22-23/17.01.23 | 15,100 |
| 2 | 47/22-23/20.02.23 | 46,055 |
| 3 | 53/22-23/24.02.23 | 47,565 |
| ആകെ | | 1,08,720 |

മേൽ ചേർത്തത് പ്രകാരം ഫയലുകൾ ക്രമീകരിച്ചതിന് 6 ദിവസ വേതന ജീവനക്കാർക്ക് 1,08,720 രൂപ നൽകി. കൂടാതെ തൊഴിലുറപ്പ് വിഭാഗത്തിൽ 2022-23 ൽ 4 ജീവനക്കാർ ഉണ്ടായിരിക്കെ ദിവസ വേതന അടിസ്ഥാനത്തിൽ 2018-19 ലെ ഫയലുകൾ ക്രമീകരിക്കുന്നതിന് നിയമനം നടത്തി തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.19/17.11.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 7,550 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-22 പദ്ധതി നിർവ്വഹണം - ചെലവ് ആവർത്തിച്ച് നൽകി

പ്രോജക്ട് നം - S0025/23

പ്രോജക്ടിന്റെ പേര് - പദ്ധതി നിർവ്വഹണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് (പൊതുവിഭാഗം) - 175000

ചെലവ് - 173305

മേൽ പ്രോജക്ടിൽ നിന്നുള്ള ചെലവിൽ അപാകത ഉള്ളതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

1) ദേശാഭിമാനി പത്രത്തിന് പരസ്യചാർജിനത്തിൽ 2 ബില്ലുകളിലെ തുക ആവർത്തിച്ച് നൽകി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പത്രം / ഇൻവോയിസ് നം./തീയതി | അനുവദിച്ച് നൽകിയ തുക | ബിൽ നം./തീയ്യതി |
|---|---|---|---|
| 1 | ദേശാഭിമാനി ALP/22-23/0113/ 23.04.22 | 6,283 | 23/22-23 /06.12.22 |
| 2 | ദേശാഭിമാനി ALP/22-23/0207/ 11.05.22 | 7,854 | |
| 3 | ദേശാഭിമാനി ALP/22-23/0113/ 23.04.22 | 6,283 | 44/22-23 /15.02.23 |
| 4 | ദേശാഭിമാനി ALP/22-23/0207/ 11.05.22 | 7,854 | |

ക്രമ നം.1, 2 എന്നിവയ്ക്കായി 23/22-23/06.12.22 ബില്ലിലൂടെ നൽകിയ തുക 14,137 രൂപ (6283+7854), ക്രമ നം.3, 4 പ്രകാരം 44/22-23/15.02.23 ബില്ലിലൂടെ ആവർത്തിച്ച് നൽകി.

2) സെക്രട്ടറി നിർവ്വഹണം ചെയ്ത മേൽ പ്രോജക്ടിൽ നിന്നുള്ള ചെലവിൽ വിവിധ പ്രവൃത്തികളുടെ ടെൻഡർ പരസ്യങ്ങൾക്കായി ദേശാഭിമാനി പത്രത്തിൽ പരസ്യം നൽകിയത് നിർദ്ദിഷ്ട വിൻഡോ തരത്തിലല്ല.

(സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി 01.01.04) പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04-ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിൻഡോ മാതൃകയിൽ നൽകുന്ന ദർഘാസ് പരസ്യങ്ങൾ രണ്ട്കോളം (8cmx3cm)=24cm$^2$ വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പത്രം / ഇൻവോയിസ് നം./തീയതി | നല്കിയ പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | പരസ്യ നിരക്ക് | അനുവദിച്ച് നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയ തുക | ബിൽ നം./ തീയ്യതി |
|---|---|---|---|---|---|---|---|
| 1 | ദേശാഭിമാനി | 32sq Cm | 220 | 7040-1056 | 24cm@220 | 6283-4712 | 44/22-23/ |

| | | | | | | | |
|---|---|---|---|---|---|---|---|
| | ALP/22-23 /0113/ 23.04.22 | | | =5984+ 149.6+ 149.6 =6283 | =5280 15% ഡിസ്കൗണ്ട്= 792 5280-792 =4488+ 112.2+ 112.2 =4712 | =1571 | 15.02.23 |
| 2 | ദേശാഭിമാനി ALP/22-23 /0207/ 11.05.22 | 40sq Cm | 220 | 8800- 1320 =7480+ 187+ 187 =7854 | 24cm@220 =5280 15% ഡിസ്കൗണ്ട്= 792 5280-792 =4488+ 112.2+ 112.2 =4712 | 7854- 4712 =3142 | |
| 3 | ദേശാഭിമാനി ALP/22-23 /1746/ 30.12.22 | 32sq Cm | 220 | 7040-1056 =5984+ 149.6+ 149.6 =6283 | 24cm@220 =5280 15% ഡിസ്കൗണ്ട്= 792 5280-792 =4488+ 112.2+ 112.2 =4712 | 6283-4712 =1571 | 71/22-23 /23.03.23 |
| 4 | ദേശാഭിമാനി ALP/22-23 /1532/ 07.12.22 | 40sq Cm | 220 | 8800- 1320 =7480+ 187+ 187 =7854 | 24cm@220 =5280 15% ഡിസ്കൗണ്ട്= 792 5280-792 =4488+ 112.2+ 112.2 =4712 | 7854- 4712 =3142 | |
| 5 | ദേശാഭിമാനി | 40sq Cm | 220 | 8800- | 24cm@220 | 7854- | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ALP/22-23 /2062/ 07.02.23 | | | 1320 =7480+ 187+ 187 =7854 | =5280 15% ഡിസ്കൗണ്ട്= 792 5280-792 =4488+ 112.2+ 112.2 =4712 | 4712 =3142 | |
| 6 | ദേശാഭിമാനി ALP/22-23 /2011/ 01.02.23 | 36sq Cm | 220 | 7920- 1188 =6732+ 168.3+ 168.3 =7069 | 24cm@220 =5280 15% ഡിസ്കൗണ്ട്= 792 5280-792 =4488+ 112.2+ 112.2 =4712 | 7069- 4712 =2357 | |
| 7 | ദേശാഭിമാനി ALP/22-23 /1885/ 17.01.23 | 40sq Cm | 220 | 8800- 1320 =7480+ 187+ 187 =7854 | 24cm@220 =5280 15% ഡിസ്കൗണ്ട്= 792 5280-792 =4488+ 112.2+ 112.2 =4712 | 7854- 4712 =3142 | |
| 8 | ദേശാഭിമാനി ALP/22-23 /1787/ 05.01.23 | 40sq Cm | 220 | 8800- 1320 =7480+ 187+ 187 =7854 | 24cm@220 =5280 15% ഡിസ്കൗണ്ട്= 792 5280-792 =4488+ 112.2+ 112.2 =4712 | 7854- 4712 =3142 | |
| 9 | ദേശാഭിമാനി | 36sq Cm | 180 | 6480- | 24cm@220 | 5783- | 23/22-23 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ALP/22-23<br>/2163/<br>15.03.22 | | | 972<br>=5508+<br>137.7+<br>137.7<br>=5783 | =5280<br>15% ഡിസ്കൗണ്ട്=<br>792<br>5280-792<br>=4488+<br>112.2+<br>112.2<br>=4712 | 4712<br>=1071 | /06.12.22 |
| | ആകെ അധിക ചെലവ് | | | | | 22280 | |

പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ച കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ 22,280 രൂപയുടെ അധികച്ചെലവിനിടയായി. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/18.11.23) മറുപടി ലഭ്യമാക്കിയില്ല. ക്രമ നം.1 പ്രകാരം ആവർത്തിച്ച് നൽകിയ 14,137 രൂപ (6283+7854)യും ക്രമ നം.2 പ്രകാരമുള്ള അധിക ചെലവ് 22,280 രൂപയും ഉൾപ്പടെ 36,417 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-23 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല

പ്രോജക്ട് നം - S0014/23

അടങ്കൽ - 1,00,000 /- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് വിവരം - 29/16.09.2022, 100000 /-

മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പ്രോജക്ടിനായി 1,00,000 /- രൂപ കേരളാ ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. ലഭ്യമായ മരുന്നുകൾ മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ മരുന്നുകൾ സ്റ്റോക്കിൽ എടുക്കുന്ന ദിവസം തന്നെ വിതരണം ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മെയിൻ സ്റ്റോക്കിൽ ചേർക്കുന്ന മരുന്നുകൾ സബ്സ്റ്റോക്കിലേക്ക് ചേർത്ത് വിതരണം ചെയ്യുകയാണ് വേണ്ടത്. എന്നാൽ ഹോമിയോ ഡിസ്പെൻസറിയിൽ സബ്സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സബ്സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്താത്തതിനാൽ ലഭ്യമായ മരുന്നുകൾ വിതരണം ചെയ്തതിന്റെ ആധികാരികത ഉറപ്പിക്കാനായില്ല.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മരുന്നിന്റെ പേര് | അളവ് | മരുന്ന് ലഭ്യമായ തീയതി | സ്റ്റോക്കിൽ ചേർത്ത ദിവസം | മരുന്ന് പൂർണ്ണമായും വിതരണം ചെയ്ത ദിവസം |
|---|---|---|---|---|---|
| 1 | Kaliphos | 250strips | 2306.2023 | 12.07.2023 | 12.07.2023 |
| 2 | Magphos | 250strips | 2306.2023 | 26.08.2023 | 26.08.2023 |
| 3 | Arsenicum Album | 200ml | 23.06.2023 | തീയതി രേഖപ്പെടുത്തിയിട്ടില്ല | തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 4. | Belladona | 100 Ml | 2306.2023 | തീയതി രേഖപ്പെടുത്തിയിട്ടില്ല | തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 5. | Aconite | 30 Ml | 24.06.2023 | തീയതി | തീയതി |

| | | | | | |
|---|---|---|---|---|---|
| | 30 | | | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 6 | Thuja 0cc30 | 30ml | 24.06.2023 | തീയതി രേഖപ്പെടുത്തിയിട്ടില്ല | തീയതി രേഖപ്പെടുത്തിയിട്ടില്ല |

അപാകതയ്ക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/17.11.2023)മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാകുന്ന ദിവസം തന്നെ മരുന്നുകൾ മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും ആയവ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഹോമിയോ ആശുപത്രിക്കായി വാങ്ങുന്ന മരുന്നുകൾ മെയിൻ സ്റ്റോക്കിൽ ചേർത്ത് സബ്സ്റ്റോക്കിലേക്ക് മാറ്റി വിതരണം നടത്തേണ്ടതാണ്. വളരെ അലക്ഷ്യമായും അശ്രദ്ധയോടും കൂടിയാണ് സ്റ്റോക്ക് രജിസ്റ്റർ കൈകാര്യം ചെയ്തിട്ടുള്ളത്. മെഡിസിൻ സ്റ്റോക്ക് രജിസ്റ്റർ മെഡിക്കൽ ഓഫീസർ പരിശോധിച്ച് ബോധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. മേൽ പ്രസ്താവിച്ച അപാകതകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 വി.ഇ.ഒ. നടപ്പാക്കിയ പദ്ധതികൾ - ഫയലുകൾ ലഭ്യമാക്കിയില്ല

വി.ഇ.ഒ. നടപ്പാക്കിയ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ പ്രോജക്ട് നം.99/23 ഗാർഹിക വാട്ടർ കണക്ഷൻ എന്ന പദ്ധതിക്കായി 22-23 വർഷം 4 ലക്ഷം രൂപ ചെലവ് ഉണ്ട്. ലൈഫ്ഭവന പദ്ധതിക്കായി 14,40,000 /- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ രണ്ട് പദ്ധതികളുടെയും ഫയലുകളും അനുബന്ധ രേഖകളും പരിശോധനയ്ക്കായി ഓഡിറ്റിൽ ലഭ്യമാക്കിയില്ല. പ്രസ്തുത ഫയലുകൾ ഓഡിറ്റിൽ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(18/17.11.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത ഫയലുകൾ ഹാജരാക്കുന്നതുവരെ രണ്ട് പദ്ധതികൾക്കുമായി ചെലവഴിച്ച 18,40,000 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 ഹെൽത്ത് ഗ്രാന്റ് ചെലവുകൾ- വകയിരുത്തലും ചെലവും സുലേഖ ചെലവ് പത്രികയിൽ ഫണ്ട് വിഭാഗത്തിൽ ഉൾപ്പെടുത്തിയില്ല

2022-23 വർഷം ഹെൽത്ത് ഗ്രാന്റിൽ നിന്നും തുക വകയിരുത്തി മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നിർവ്വഹണം ചെയ്ത പ്രോജക്ടുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തൽ | ചെലവ് |
|---|---|---|---|---|
| 1 | S0101/23 | കുടുംബ ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനെസ് പ്രോഗ്രാം | 1,18,981 | 87,343 |
| 2 | S0100/23 | കുടുംബക്ഷേമ ഉപകേന്ദ്രത്തിലെ രോഗ നിർണ്ണയ സംവിധാനങ്ങൾ ഒരുക്കൽ | 2,27,094 | 2,25,132 |

മേൽ രണ്ട് പ്രോജക്ടുകളിലെയും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും സുലേഖ ചെലവ് പത്രികയിൽ മൊത്തം അടങ്കൽ തുകയിൽ മാത്രമാണ് രേഖപ്പെടുത്തൽ ഉള്ളത്. ആയത് മറ്റുള്ളവ എന്ന ഫണ്ട് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23/18.11.23) മറുപടി ലഭ്യമാക്കിയില്ല. ഹെൽത്ത് ഗ്രാന്റ് വകയിരുത്തലും ചെലവും ബന്ധപ്പെട്ട ഫണ്ടിനത്തിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 കണ്ടിജൻസി ചെലവുകൾ- ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

പ്രോജക്ട് നം - S 0028/23

പ്രോജക്ടിന്റെപേര് - വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ കണ്ടിജൻസി ചെലവുകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) - 150000

ചെലവ് - 54,000 (ബിൽ നം.42/22-23/10.02.23)

മേൽ പ്രോജക്ട് പ്രകാരം 54,000 രൂപ ചെലവഴിച്ചതായാണ് സുലേഖ ചെലവ് പത്രികയിലെ രേഖപ്പെടുത്തൽ. എന്നാൽ ഹോമിയോ ആശുപത്രിയുടെ 3 മാസത്തെ വാടകയിനത്തിലെ 6,000 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ബാക്കി ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22/18.11.23) മറുപടി ഹാജരാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കാത്ത 48,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 വീട് വാസയോഗ്യമാക്കൽ എസ് സി - മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം -S0091/23

അടങ്കൽ - 10,00,000 /- (വികസനഫണ്ട് ജനറൽ)

ആകെ ചെലവ് - 7,50,000 /-

വിളഗ നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ (എസ്.സി.)പ്രോജക്ടിനോടനുബന്ധമായി വീട് മെയിന്റനൻസിന് ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. എന്നാൽ ചില ഗുണഭോക്താക്കളുടെ വീട് മെയിന്റനൻസ് നടത്തിയതിന്റെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | കെപ്പറ്റിയ തുക | ചെലവ് വിവരം | റിമാർക്സ് |
|---|---|---|---|
| സുകുമാരൻ | 1,00,000/- | 22060452022701221061/21.02.2023 (50000/-)<br>22060452022701501009/26.03.2023 (50000/-) | മൂല്യനിർണ്ണയസാക്ഷ്യപത്രം ഹാജരാക്കിയില്ല |

| | | | |
|---|---|---|---|
| ഭരതൻ | 100000/- | 22060452022701288772/04.03.2023 (50000/-)<br>22060452022701501063/26.03.2023 (50000/-) | മൂല്യനിർണ്ണയസാക്ഷ്യപത്രം ഹാജരാക്കിയില്ല |
| രാമകൃഷ്ണൻ | 100000 /- | 22060452022701319238/09.03.2023 (50000/-)<br>22060452022701501009/26.03.2023 (50000/-) | മൂല്യനിർണ്ണയസാക്ഷ്യപത്രം ഹാജരാക്കിയില്ല |

പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/17.11.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ ചൂണ്ടിക്കാട്ടിയ ഗുണഭോക്താക്കളുടെ വീട് മെയിന്റനൻസ് നടത്തിയതിന്റെ മൂല്യനിർണ്ണയസാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ഗുണഭോക്താക്കൾക്ക് അനുവദിച്ച 3,00,000 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 പൈപ്പ്ലൈൻ വലിക്കലും വാട്ടർ കണക്ഷൻ നൽകലും - പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം – S 0138/23

പ്രോജക്ടിന്റെ പേര് – മൂലക്കട സുരേഷിന്റെ വീട് മുതൽ ആലമ്പറമ്പിൽ വിജയന്റെ വീട് വരെ പൈപ്പ്ലൈൻ വലിക്കലും വാട്ടർ കണക്ഷൻ നൽകലും

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
വകയിരുത്തൽ
ധനകാര്യകമ്മീഷൻ അവാർഡ് – 346320
ചെലവ്
293160 (ബിൽ റഫറൻസ് നം./തീയതി – 283/31.03.23)

പ്രസ്തുത പ്രവൃത്തിക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, തിരുവല്ല അംഗീകരിച്ച് നൽകിയ (എസ്റ്റിമേറ്റ് നമ്പർ-17340/2022-26-3-2). 3,80,300 രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 2,93,160 രൂപ വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുള്ളതായി കാണുന്നു.

എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാർ ചമച്ചതിന്റെ രേഖകൾ ഇല്ല.

പ്രവൃത്തി പൂർത്തിയാക്കി വിനിയോഗരേഖകൾ ലഭ്യമാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.1/14.11.23) മറുപടി ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 2,93,160 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 പൈപ്പ്ലൈൻ വലിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം – S 0003/23
പ്രോജക്ടിന്റെപേര് – പൈപ്പ്ലൈൻ വലിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
വകയിരുത്തൽ
ധനകാര്യകമ്മീഷൻ അവാർഡ് – 14,65,600

ചെലവ്

14,65,000 (ബിൽ റഫറൻസ് നം./തീയതി – 224/24.03.23)

മേൽ പ്രവൃത്തിക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, തിരുവല്ല 14,65,000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകി(എസ്റ്റിമേറ്റ് നമ്പർ – WRD/KWA-CE(SR)/EST/17340/2022-26-1-1). ആയത് പ്രകാരം 14,65,000 രൂപ വാട്ടർ അതോറിറ്റിയുടെ 39220001101306 37 നം.അക്കൌണ്ടിൽ നൽകി.

അപാകത ചുവടെ ചേർക്കുന്നു.

1)എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി പ്രസ്തുത പ്രവൃത്തിയ്ക്കായി കരാർ ചമച്ചിട്ടില്ല.

2)പ്രവൃത്തി പൂർത്തിയാക്കി വിനിയോഗരേഖകൾ ലഭ്യമാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2/14.11.23) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 14,65,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 എസ്.എസ്.കെ.ഫണ്ട് അടവാക്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം - S 0031/23

പ്രോജക്ടിന്റെപേര് - എസ്.എസ്.കെ.ഫണ്ട് അടവാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് (പൊതുവിഭാഗം) - 3,30,000

ചെലവ്

3,29,597 (ബിൽ നം.17/22-23/05.11.22)

ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ബി.ആർ.സി. വെളിയനാടിന്റെ കാനറ ബാങ്ക്, കിടങ്ങറ ബ്രാഞ്ചിലെ 110006534740 നം.അക്കൌണ്ടിൽ 3,29,597 രൂപ നൽകി. എന്നാൽ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/14.11.23) മറുപടി ലഭ്യമാക്കിയില്ല. 3,29,597 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 സ്ട്രീറ്റ് മെയിൻ വലിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം -S0004/23
പ്രോജക്ടിന്റെ പേര് – സ്ട്രീറ്റ് മെയിൻ വലിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി
വകയിരുത്തൽ
ധനകാര്യകമ്മീഷൻ അവാർഡ്-1100400
ചെലവ്
1100400 (ബിൽ റഫറൻസ് നം./തീയതി – 223/24.03.23)

വെളിയനാട് ഗ്രാമ പഞ്ചായത്തിലെ കനകമംഗലം മുതൽ പത്തിൽപാലം വരെയും തട്ടേൽ പാലം മുതൽ ഗുരുപുരം വരെയും സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനായി, അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കിടങ്ങറ തയ്യാറാക്കിയ 11,00,400 രൂപയുടെ എസ്റ്റിമേറ്റിന് ആലപ്പുഴ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഭരണാനുമതി നൽകി(AS/2022-23/5101/88/22.03.23). പ്രവൃത്തിയ്ക്കായി 11,00,400 രൂപ കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയറുടെ 57046199758 നം.അക്കൌണ്ടിൽ നൽകി.
അപാകത ചുവടെ കൊടുക്കുന്നു.

1)പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാർ ചമച്ചിട്ടില്ല.

2)പ്രവൃത്തി പൂർത്തിയാക്കി വിനിയോഗരേഖകൾ ലഭ്യമാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6/14.11.23) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 11,00,400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 ഐ.കെ.എം.വിഹിതം അടവാക്കൽ -ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്റ്റ് നം - S 0026/23

പ്രോജക്ടിന്റെപേര് - ഐ.കെ.എം.വിഹിതം അടവാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് (പൊതുവിഭാഗം) - 50,000

ചെലവ്

50,000 (ബിൽ നം.7/22-23/23.08.22)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന്റെ എസ്.ബി.ഐ., നന്തൻകോട് പേർസണൽ ബാങ്കിംഗ് ശാഖയിലെ 57047023512 നം.അക്കൌണ്ടിൽ 50,000 രൂപ നൽകി. എന്നാൽ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8/14.11.23), വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് ഐ.കെ.എം. ന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. 50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-33 തൊഴിലുറപ്പ് പദ്ധതി - പശുത്തൊഴുത്ത് നിർമ്മാണം - മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക നൽകി

തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിച്ച വ്യക്തിഗത മെറ്റീരിയൽ പ്രവൃത്തിയായ പശുത്തൊഴുത്ത് നിർമ്മാണത്തിന് വാങ്ങിയ മെറ്റീരിയൽസിന് മാർക്കറ്റ് വിലയേക്കാൾ കൂടിയ നിരക്കിൽ തുക അനുവദിച്ചതു വഴി അധികച്ചെലവ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1) പശുത്തൊഴുത്ത് നിർമ്മാണം - ബിന്ദു, വാർഡ് 3

വർക്ക് കോഡ് : IF/639223

അളവു പുസ്തകം : 56/22-23

FTO തീയതി : 4.11.22, 26.5.23

എ) ടി പ്രവർത്തിയിൽ 30X20X20 സോളിഡ് ബ്ലോക്ക്സ് 394.85 എണ്ണം ഉപയോഗിച്ചതിന് @45 നിരക്കിൽ 17,768/- രൂപ ഗുണഭോക്താവിന് അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവ് ഹാജരാക്കിയ ബിൽ പ്രകാരം സോളിഡ് ബ്ലോക്ക്സ് ലഭിച്ചിരിക്കുന്നത് 33/- രൂപ നിരക്കിലാണ്. (കോലോത്ത് ഹോളോ ബ്രിക്സിന്റെ 1.10.22-ലെ ഇൻവോയ്സ്) അതിനാൽ അനുവദിക്കാവുന്ന തുക 394.85 X 33/- = 13030/- ആണ്. അധികം നൽകിയത് - 4,730/-രൂപ

ബി) ടി പ്രവൃത്തിയിൽ 1.09 ടൺ സിമന്റ് ഉപയോഗിച്ചതിന് 12288/tonne നിരക്കിൽ 13,435/- രൂപ നൽകിയിട്ടുണ്ട്. സിമന്റ് ഒരു Packaged Commodity എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ് മാന്റെ 08.07.22-ലെ OMB/ALP /AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സിമന്റ് വാങ്ങിയതിന് ഹാജരാക്കിയ ബിൽ പ്രകാരം 50 KG സിമന്റ് ബാഗിന്റെ വില 430/- ആണ് (കിരൺ തോമസ്, തുരുത്തി ഇൻവോയ്സ് നം. 65/2.10.22). ആയത് പ്രകാരം

അർഹമായ തുക 1.09 Tonne @ 8600/- = 9374/-

അധികം നൽകിയത് - 4061/- രൂപ (13435-9374)

ആകെ അധികമായി നൽകിയ 8,791/- രൂപ ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

2) പശുത്തൊഴുത്ത് നിർമ്മാണം - ദീപ്തി വിജയകുമാർ, വാർഡ് 4

വർക്ക് കോഡ് : IF/701132

അളവു പുസ്തകം : 229/21-22

FTO തീയതി : 12.08.2022

എ) ടി പ്രവൃത്തിയിൽ 30X15X15 സോളിഡ് ബ്ലോക്ക്സ് 253.38 എണ്ണം ഉപയോഗിച്ചതിന് @45 നിരക്കിൽ 11,402/- രൂപ ഗുണഭോക്താവിന് അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവ് സോളിഡ് ബ്ലോക്ക്സ് വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. പ്രസ്തുത കാലയളവിൽ ഇതേ ഇനം സോളിഡ് ബ്ലോക്കിന്റെ മാർക്കറ്റ് വില 33/- രൂപ നിരക്കിലാണ്. അതിനാൽ അനുവദിക്കാവുന്ന തുക 253.38 X 33/- = 8362/- ആണ്. അധികം നൽകിയത് - 3,040/-രൂപ

പ്രസ്തുത പ്രവൃത്തിയിൽ മെറ്റീരിയൽ വിഹിതമിനത്തിൽ മാറിയ 85,784/- രൂപയിൽ 903/- രൂപ Sundries ഇനത്തിലാണ് നൽകിയിട്ടുള്ളത്. ടി ഇനത്തിൽ തുക നൽകേണ്ടതില്ലാത്തതിനാൽ ടി ചെലവ് അനുവദിക്കുന്നില്ല.

ആകെ അധികമായി നൽകിയ 3,943/- രൂപ ഗുണഭോക്താവിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 27/18.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി ചെലവ് ചെയ്ത 12,734/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-34 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - ഉണ്ടിയിൽ മുതൽ മുട്ടത്തിൽ വരെ റോഡ് കോൺക്രീറ്റിംഗ് - നികുതികൾ ടി.ഡി.എസ്. ആയി ഈടാക്കിയിട്ടില്ല

വർക്ക് കോഡ് : RC/323295

അളവു പുസ്തകം : 228/21-22

FTO തീയതി : 2.09.22

പ്രസ്തുത പ്രവൃത്തിയ്ക്കാവശ്യമായ മെറ്റീരിയൽസ് വിതരണം ചെയ്തതിന് കരാറുകാരനായ ജോസഫ് ഈപ്പന് 4,02,906/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ബില്ലിൽ നിന്നും നിയമ പ്രകാരം ടി.ഡി.എസ്. ആയി കുറവ് ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി (2% നിരക്കിൽ), ആദായ നികുതി(1% നിരക്കിൽ) കുറവ് ചെയ്യാതെ തുക അനുവദിച്ചതു മൂലം 12,087/- രൂപ ക്രമ വിരുദ്ധമായി കരാറുകാരന് നൽകിയിട്ടുണ്ട്. ടി തുക ഈടാക്കിയിട്ടുള്ള പക്ഷം ആയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 21/17.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ബില്ലിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ ടി.ഡി.എസ് ആയി കുറവ് ചെയ്യേണ്ടിയിരുന്ന 8,058/- രൂപയും, ആദായ നികുതി ഇനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 4,029/-രൂപയും കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-35 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -നികുതികൾ ഈടാക്കിയിട്ടില്ല

തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷത്തിൽ ചെയ്ത പ്രവൃത്തികളിൽ കോൺക്രീറ്റിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവൃത്തി സ്ഥലങ്ങളിൽ സ്ഥാപിച്ചു നൽകുന്നതിന് മിത്ര കൺസ്ട്രക്ഷൻ യൂണിറ്റാണ് കരാർ വെച്ചിട്ടുള്ളത്. ടി ഇനത്തിൽ വിവിധ ബില്ലുകൾ പ്രകാരം 4,14,000/-

രൂപയുടെ ചെലവുണ്ട്. എന്നാൽ ടി തുക പ്രസ്തുത യൂണിറ്റ് സെക്രട്ടറിയായ ശ്രീമതി സുനിത സുനൽ എന്നയാളുടെ പേഴ്സണൽ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് നൽകിയിട്ടുള്ളത്. (A\c No. 12390100185165 Federal Bank, Kidangara Branch) മിത്ര കൺസ്ട്രക്ഷൻ യൂണിറ്റിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ട്, ജി.എസ്.ടി. രജിസ്ട്രേഷൻ വിവരങ്ങൾ എന്നിവയൊന്നും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. യൂണിറ്റിന്റെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് തുക നൽകേണ്ടതിന് പകരം ക്രമ വിരുദ്ധമായി സ്വകാര്യ അക്കൗണ്ടിലേയ്ക്ക് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമ പ്രകാരം ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവയും ഈടാക്കിയിട്ടില്ല.

2021-22 കാലയളവിലെ പ്രവൃത്തികൾക്ക് ബോർഡ് സ്ഥാപിച്ച ഇനത്തിൽ ലിബിൻ ദേവസ്യ എന്നയാൾക്ക് കൊടുക്കുവാനുള്ളതായി രേഖപ്പെടുത്തി 1,15,000/- രൂപ (25 X 4600/-) യുടെ ബിൽ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ തുക മാറി നൽകിയിട്ടില്ല. തുക നൽകുന്ന വേളയിൽ നിയമ പ്രകാരമുള്ള നികുതികൾ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/17.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഇനത്തിൽ ഈടാക്കേണ്ട തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-36 റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് - പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2022-23 വർഷം നടപ്പിലാക്കിയ റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് (പ്രോജക്ട് നം.32/23) എന്ന പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 15,600/- രൂപ ശ്രീ.വിഷ്ണു കെ.പി. എന്നയാൾക്ക് നൽകിയിട്ടുള്ളതായി കാണുന്നു. ഹാജരാക്കിയ ഫയലിൽ പദ്ധതിയുടെ പ്രാഥമിക സർവ്വേ പൂർത്തീകരിച്ചിട്ടുള്ളതായി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത സർവ്വെയിൽ എന്തെല്ലാം വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളതെന്നോ, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരമോ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 5/14.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 15,600/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-37 യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികൾ കരാർ പ്രകാരമുള്ള നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നിട്ടും നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിനുള്ള ഫൈൻ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടതിനുള്ള കാരണം വ്യക്തമാക്കുകയോ, പ്രവൃത്തി പൂർത്തീകരണ കാലയളവ് നിയമാനുസൃതം ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ പി.ഡബ്ല്യൂ.ഡി മാന്വൽ - സെക്ഷൻ 2116.1 പ്രകാരം യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷൻ ഈടാക്കേണ്ടതാണ്. എന്നാൽ ഇവിടെ ഇത്തരത്തിലുള്ള കോമ്പൻസേഷൻ ഈടാക്കാത്തത് മൂലം 62,877/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ്

| | |
|---|---|
| പ്രോജക്ട് നമ്പർ | : (42/22) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : ജോജി ജോസഫ് |
| എം.ബുക്ക് | : 19, 31/21-22 |
| എഗ്രീഡ് പിഎസി | : 9,95,563/- |
| പ്രവൃത്തി മൂല്യം | : 8,64,741/- |
| ബിൽ നം. | : 258/28.03.23 |

18.11.21-ൽ കരാർ ചമച്ച ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6 മാസത്തെ കാലാവധിയാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 17.05.22-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 15.03.23-ലാണ്.

പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം - 302 ദിവസം (43 ആഴ്ച)

ഈടാക്കേണ്ട കോമ്പൻസേഷൻ - 43 ആഴ്ച X 0.1 % നിരക്കിൽ = 4.3% 995563/- X 4.3% = 42809/- രൂപ

2.ആയുർവേദ ആശുപത്രി മതിൽ മെയിന്റനൻസ്

| | |
|---|---|
| പ്രോജക്ട് നമ്പർ | : (36/22) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : ജോജി ജോസഫ് |
| എം.ബുക്ക് | : 25/22-23 |
| എഗ്രീഡ് പിഎസി | : 4,45,954/- |
| പ്രവൃത്തി മൂല്യം | : 4,75,713/- |
| ബിൽ നം. | : 21/29.03.23 - 44,543/- |

23.09.21-ൽ കരാർ ചമച്ച ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6 മാസത്തെ കാലാവധിയാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 22.03.22-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടി വന്നതിനാൽ 30.10.21-ൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. പ്രസ്തുത തീയതി മുതൽ 6 മാസം കാലാവധി അനുവദിച്ചാലും 30.04.22-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 10.03.23-ലാണ്.

പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം - 315 ദിവസം (45 ആഴ്ച)

ഈടാക്കേണ്ട കോമ്പൻസേഷൻ - 45 ആഴ്ച X 0.1 % നിരക്കിൽ = 4.5% 445954/- X 4.5% = 20,068/- രൂപ.

പഞ്ചായത്ത് കമ്മറ്റിയുടെ 23.12.22-ലെ 1(8), 1(9) തീരുമാനങ്ങൾ പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി 31.3.23 വരെ പിഴ കൂടാതെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടതിനുള്ള കാരണം വ്യക്തമാക്കുകയോ, കാലാവധി ദീർഘിപ്പിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകുകയോ, നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകുകയോ ചെയ്തിട്ടുള്ളതായി ഫയലിൽ കാണുന്നില്ല. നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ കരാറുകാരനെ പിഴയുടെ ബാധ്യതയിൽ നിന്ന് ഒഴിവാക്കിയത് ക്രമ വിരുദ്ധമായി ഓഡിറ്റിൽ കാണുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 3/14.11.23) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് ഓഫീസ് പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ ജൂൺ മാസം മുതലുണ്ടായ കഠിനമായ മഴ മൂലവും, പ്രൊജക്ട് റിവൈസ് ചെയ്യുവാനുണ്ടായ താമസ്സം മൂലവുമാണ് പൂർത്തീകരണത്തിൽ താമസ്സം ഉണ്ടായതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി ജൂൺ മാസത്തിന്

മുമ്പേ (17.05.22-ൽ) പൂർത്തീകരിക്കേണ്ടതായിരുന്നു. മാത്രമല്ല എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത് കരാർ ചമയ്ക്കുന്നതിന് മുമ്പേയാണ്. (29.10.21-ലെ 1(10) തീരുമാനം) പ്രസ്തുത കാരണങ്ങളാൽ മറുപടി അംഗീകരിക്കാവുന്നതല്ല.

ആയുർവേദ ആശുപത്രി മതിൽ മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ അതിർത്തി തർക്കം മൂലവും, ജൂൺ മാസം മുതലുണ്ടായ കഠിനമായ മഴ മൂലവുമാണ് പൂർത്തീകരണത്തിൽ താമസം ഉണ്ടായതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി ജൂൺ മാസത്തിന് മുമ്പേ (10.04.22-ൽ) പൂർത്തീകരിക്കേണ്ടതായിരുന്നു. മാത്രമല്ല, അതിർത്തി തർക്കം സംബന്ധിച്ച യാതൊരു വിവരവും പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ കരാറുകാരൻ രേഖാമൂലം അറിയിക്കുകയോ, അസിസ്റ്റന്റ് എഞ്ചിനിയർ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല. പ്രസ്തുത കാരണങ്ങളാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ടി സാഹചര്യത്തിൽ നിയമ പ്രകാരം ഈടാക്കേണ്ട പിഴ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി നഷ്ടം തെറ്റായ തീരുമാനത്തിലൂടെ (പഞ്ചായത്ത് കമ്മറ്റിയുടെ 23.12.22-ലെ 1(8), 1(9) തീരുമാനങ്ങൾ) പിഴ ഒഴിവാക്കി നൽകിയ ഭരണസമിതി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-38 അങ്കണവാടി പോഷകാഹാരം പദ്ധതി -മതിയായ തുക അടങ്കലിൽ ഉൾപ്പെടുത്തുന്നില്ല

പ്രോജക്ട് നം - S00 12/23

അടങ്കൽ - 7,95,774 (വികസനഫണ്ട്)

- 4,00,000 /- (ബ്ലോക്ക്പഞ്ചായത്ത് വിഹിതം)

- 5,00,000 /- (കേന്ദ്ര വിഹിതം)

- 4,00,000 /- (ജില്ലാപഞ്ചായത്ത് വിഹിതം)

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ അനുപൂരകപോഷകാഹാരപദ്ധതിക്കായി 22-23 വർഷം 20,54,367 /- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 11,24,190 /- രൂപ മുൻവർഷങ്ങളിലെ (2021-22)സിവിൽ സപ്ലൈസ് കോർപ്പറേഷൻ കുറിച്ചിയിൽ നിന്നും വാങ്ങിയ ഭക്ഷ്യവസ്തുക്കളുടെ ബില്ലുകളുടെ തുക നൽകുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്.

2022-23 വർഷം ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തിയതി | തുക | സ്ഥാപനത്തിന്റെ ഇൻവോയ്സ് നം. | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 02/7/2022 | 1,11,513/- | 5103/21115 /15.05.2021 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുറിച്ചി |
| 2 | 22060452023100281625/07.07.2022 | 50,000 /- | 5103/21392 /30.06.2021 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുറിച്ചി |
| 4. | 22060452023100320619/16.07.2022 | 2,29,147 | 64/30.11.2021<br>71/28.12.2021<br>83/31.01.2022<br>90/28.02.2022<br>98/19.03.2022 | ടെൻസ്റ്റാർ അമൃതം ഫുഡ് |

| | | | | |
|---|---|---|---|---|
| 5. | 22060452023100323924/18.07.2022 | 50,000 /- | 5103/21392 /18.07.2022 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുറിച്ചി |
| 6. | 22060452023100320947/16.07.2022 | 3,12,490/- | 5103/21546 /30.09.2021 (215276 /-) 21392/30.06.2021 (97214) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുറിച്ചി |
| 7 | 22060452023100402399/10.08.2022 | 50,000 /- | 21842/22.01.2022 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുറിച്ചി |
| 8. | 22060452023100411407/12.08.2022 | 11,645 /- | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് | റെജിമോൻ കെ.വി. |
| 9 | 100550976/16.09.2022 | 12,055 /- | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് | റെജിമോൻ കെ.വി. |
| 10 | 100725080 /02.11.2022 | 36,514 /- | 118/31.05.2022 | ടെൻസ്റ്റാർ അമൃതം ഫുഡ് |
| 11 | 100550989 /16.09.2022 | 35,000 /- | 110/30.04.2022 | ടെൻസ്റ്റാർ അമൃതം ഫുഡ് |
| 12 | 100727064/03.11.2022 | 41,806 – | 126/30.06.2022 | ടെൻസ്റ്റാർ അമൃതം ഫുഡ് |
| 13 | 100841885 /29.11.2022 | 1,35,000/- | 21862/22.01.2022 21909/03.03.2022 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുറിച്ചി |
| 14. | 33272/04.11.2022 | 6,343 /- | 21909/03.03.2022 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുറിച്ചി |
| 15 | 100794653 /19.11.2022 | 1,00,000 | 11330 /- (റെജിമോൻ) 88670 /- 194 /- | സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുറിച്ചി |
| 16. | 100939965/21.12.2022 | 50,000 | 38631/- 11369 /- | ടെൻസ്റ്റാർ അമൃതം ഫുഡ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, |

| | | | | |
|---|---|---|---|---|
| | | | | കുറിച്ചി |
| 17 | 100959470/26.12.2022 | 4,697 | 21205/03.03.2022 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുറിച്ചി |
| 18 | 101146399/06.02.2023 | 40,000 /- | 21909/03.03.2022 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുറിച്ചി |
| 19 | 101158249/08.02.202 | 1,85,000/- | 21909/03.03.2022 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുറിച്ചി |
| 20 | 101353661/15.03.2023 | 30,000/- | 2234/30.04.2022 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുറിച്ചി |
| 21 | 101397386/17.03.2023 | 1,45,774 | 12930/- (റെജിമോൻ) 81230/-(150 /06.09.2022) | ടെൻസ്റ്റാർ അമൃതം ഫുഡ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുറിച്ചി |
| 22. | 06/02/2023 | 28,896 /- | 2234/30.04.2022 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുറിച്ചി |
| 23 | 10.02.2023 | 3,04,094/- | 22132/24.09.202 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുറിച്ചി |
| 24 | 29.03.2023 | 84,393 /- | 22331/30.11.2022 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുറിച്ചി |
| | | 20,54,367/- | | |

2021-22 വർഷത്തെ തുക നൽകാനുണ്ടായ സാഹചര്യം അന്വേഷിച്ച് നൽകിയ എൻക്വയറിക്ക്(15/17.11.2023) ലഭ്യമാക്കിയ മറുപടിയിൽ 2021-22 വർഷം അനുപൂരകപോഷകാഹാര പദ്ധതിക്കായി 11,50,000 /- രൂപ അടങ്കൽ വെച്ചിരുന്നു, ഈ തുക ഉപയോഗിച്ച് 2020-21 വർഷത്തെ ബില്ലുകളുടെ തുകയായ 6,66,202 /- രൂപ നൽകിയിട്ടുണ്ട് എന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. കാലാകാലങ്ങളിലായി മുൻവർഷങ്ങളിലെ ബില്ലുകളുടെ തുകയാണ് നൽകിയിരുന്നതെന്ന് ഇതിൽ നിന്നും

മനസ്സിലാക്കാം. ഇത്രയും തുക പോഷകാഹാരമിനത്തിൽ കൊടുത്ത് തീർക്കാൻ അവശേഷിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. 6,03,486/- രൂപ 2021-22 വർഷത്തെ ബാലൻസ്ഷീറ്റിൽ സെൻട്രൽഷെയർ ഇനത്തിൽ ചെലവഴിക്കാനായി അവശേഷിക്കെ 2021-22 വർഷത്തെ ബില്ലുകൾ ഒടുക്കാതിരുന്നതിന്റെ കാരണം വിശദീകരിച്ചിട്ടില്ല, 7,11,674/- രൂപ 2022-23 ബാലൻസ് ഷീറ്റ് പ്രകാരം കേന്ദ്ര വിഹിതം ഇനത്തിൽ അവശേഷിക്കെ 2022-23 വർഷത്തെ സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ബിൽ പ്രകാരമുള്ള തുക ഇനിയും കൊടുത്തുതീർക്കാനുണ്ട്. മേൽ കാരണങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മുൻവർഷങ്ങളിലെ തുക ഒടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. അനുപൂരകപോഷകാഹാര പദ്ധതിക്ക് മതിയായ തുക പദ്ധതി അടങ്കൽ ഉൾപ്പെടുത്തിയില്ലെങ്കിൽ ഓരോ വർഷവും ബിൽ തുക പെൻഡിംഗ് ഉണ്ടാകാം എന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. അനുപൂരക പോഷകാഹരപദ്ധതി വളരെ പ്രാധാന്യമർഹിക്കുന്ന ഒന്ന് ആയതിനാൽ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ തുക അടങ്കൽവെക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2.ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അധികനിരക്കിൽ നൽകുന്നു

ഗ്രാമപഞ്ചായത്തിലെ 17 അങ്കണവാടികളിൽ ഭക്ഷ്യവസ്തുക്കൾ ഇറക്കുന്നതിന് ഒരു കിലോയ്ക്ക് 5 /- രൂപയാണ് അംഗീകരിച്ച് നൽകിയിട്ടുള്ളത്. സമീപപ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ ഭക്ഷ്യവസ്തുക്കൾ ഇറക്കുന്നതിന് കിലോയ്ക്ക് 3 /- രൂപ ആയിരിക്കെ അതിനേക്കാൾ കൂടിയ തുക അനുവദിക്കാനുണ്ടായ കാരണം വിശദികരിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ എല്ലാ അങ്കണവാടികളിലും റോഡ് മാർഗ്ഗം ഭക്ഷ്യവസ്തുക്കൾ എത്തിക്കാൻ സാധിക്കില്ല എന്നും ചില അങ്കണവാടികളിൽ വള്ളത്തിൽ മാത്രമേ ഭക്ഷ്യവസ്തുക്കൾ എത്തിക്കാൻ സാധിക്കു എന്നും അതിനാൽ കൂടിയ നിരക്ക് ക്വട്ടേഷൻ അംഗീകരിച്ചതാണെന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. കുറിച്ചി സപ്ലൈകോയിൽ നിന്നും ഭക്ഷ്യവസ്തുക്കൾ ലഭിക്കാത്തതിനെ തുടർന്ന് 2023 മുതൽ രാമങ്കരി സപ്ലൈകോയിൽ നിന്നുമാണ് ഭക്ഷ്യവസ്തുക്കൾ വാങ്ങിയത്. ഇവിടെ നിന്നും വിവിധ അങ്കണവാടികളിൽ എത്തിക്കുന്നതിന് കിലോയ്ക്ക് 10 രൂപ നിരക്കിൽ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഇത് വളരെ കൂടിയ നിരക്കായതിനാൽ പുന:പരിശോധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം

1996-ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1,250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | SCB കുമരങ്കരി | രണ്ട് അർദ്ധവർഷങ്ങളിലും | 1250X2= 2500 |

| | | | |
|---|---|---|---|
| 2 | ക്നാനായ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി | രണ്ട് അർദ്ധവർഷങ്ങളിലും | 1250X2= 2500 |
| 3 | വെളിയനാട് ക്ഷീരോൽപ്പാദക സഹകരണസംഘം A-68 (D)-APCOS | രണ്ട് അർദ്ധവർഷങ്ങളിലും | 1250X2= 2500 |
| 4 | കിടങ്ങറ ക്ഷീരോൽപ്പാദക സഹകരണസംഘം A -214 (D)-APCOS | രണ്ട് അർദ്ധവർഷങ്ങളിലും | 1250X2= 2500 |
| 5 | ഈര ക്ഷീരോൽപ്പാദക സഹകരണസംഘം A -241 (D)-APCOS | രണ്ട് അർദ്ധവർഷങ്ങളിലും | 1250X2= 2500 |
| 6 | ക്ഷീര വ്യവസായ സഹകരണസംഘം ക്ലിപ്തം നം: A-10-(D) | രണ്ട് അർദ്ധവർഷങ്ങളിലും | 1250X2= 2500 |
| 7 | ഫെഡറൽ ബാങ്ക്, കിടങ്ങറ | രണ്ടാം അർദ്ധവർഷം | 1250X1= 1250 |
| 8 | കാനറ ബാങ്ക് | രണ്ട് അർദ്ധവർഷങ്ങളിലും | 1250X2= 2500 |
| | ആകെ | | 18,750/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തത് മൂലം നികുതിയിനത്തിൽ പഞ്ചായത്തിന് 18,750/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായി. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:13, 15.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 വസ്തുനികുതി ഈടാക്കിയത് ക്രമപ്രകാരമല്ല- വരുമാന നഷ്ടം

വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി, ടി കെട്ടിടത്തിന്റെ ഉപയോഗക്രമം കണക്കിലെടുത്ത് ഒന്നായി കണ്ട് നിശ്ചിത നിരക്കിൽ നികുതി നിർണ്ണയിക്കാതെ അതിനെ ഒന്നിലധികം മുറികളായി വിഭജിച്ച് പ്രത്യേകം മുറികൾ എന്ന രീതിയിൽ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ

പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്യുന്നത്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപ്പഞ്ചായത്തിലെ 9-ാം വാർഡിൽ ഷിജോ ഈപ്പൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 123.58 ച.മീ. വിസ്തീർണ്ണമുള്ള (കെട്ടിട നം: 9/258-A, 9/258-C, 9/258-E, 9/258-F, 9/258-G) കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഇടാക്കേണ്ട ച:മീറ്ററിന് 70/- രൂപാ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 5 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി (കടമുറികളായി) കണക്കാക്കി 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ ച:മീറ്ററിന് 60/-രൂപാ- എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ നഷ്ടം ഉണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്കാക്കേണ്ട വസ്തുനികുതി<br>അടിസ്ഥാന നികുതി+വഴി സൌകര്യം(20%)+<br>ലൈബ്രറി സെസ്സ്<br>(നികുതി നിരക്ക്:70രൂ /ച.മീ.) | | കണക്കാകിയ വസ്തുനികുതി (സഞ്ചയ പ്രകാരം)<br>അടിസ്ഥാന നികുതി+വഴി സൌകര്യം(20%)+<br>ലൈബ്രറി സെസ്സ്<br>(നികുതി നിരക്ക്:60രൂ /ച.മീ.) |
|---|---|---|
| അടിസ്ഥാന നികുതി<br>123.58 X70 = 8650.6/-<br>വഴിസൌകര്യം<br>(വർദ്ധനവ്20%)=<br>1730.12/-<br>ലൈബ്രറി സെസ്സ് = 519/-<br>ആകെ = 8650.6+1730.12+519<br>= 10,900/- | | 1) 9/258 A-1209+242+77=1528<br>2) 9/258 C-1279+256+81=1616<br>3) 9/258 E-1459+292+92=1843<br>4) 9/258 F-1625+325+103=2053<br>5) 9/258 G-1843+369+117=2329<br>ആകെ =9,369 /- |
| ആകെ | 10,900/- | 9,369/- |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 1,531/- |

മേൽ സൂചിപ്പിച്ച 5 കെട്ടിടങ്ങളേയും ഒറ്റ കെട്ടിടമായി പരിഗണിക്കാതെ വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ 1,531/-രൂപയുടെ നഷ്ടം ഉണ്ടായി. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/തീയതി 15.11.2023)

മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി ഈടാക്കേണ്ട 1,531/- രൂപ പഞ്ചായത്തിൽ അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പദ്ധതി നിർവ്വഹണം - ചെലവ് ആവർത്തിച്ച് നൽകി

പ്രോജക്റ്റ് നം - S0025/23

പ്രോജക്റ്റിന്റെ പേര് - പദ്ധതി നിർവ്വഹണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് (പൊതുവിഭാഗം) - 1,75,000

ചെലവ് - 1,73,305

മേൽ പ്രോജക്റ്റിൽ നിന്നുള്ള ചെലവിൽ അപാകത ഉള്ളതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

1) ദേശാഭിമാനി പത്രത്തിന് പരസ്യചാർജിനത്തിൽ 2 ബില്ലുകളിലെ തുക ആവർത്തിച്ച് നൽകി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പത്രം / ഇൻവോയിസ് നം./തീയതി | അനുവദിച്ച് നൽകിയ തുക | ബിൽ നം./തീയ്യതി |
|---|---|---|---|
| 1 | ദേശാഭിമാനി ALP/22-23/0113/ 23.04.22 | 6283 | 23/22-23 /06.12.22 |
| 2 | ദേശാഭിമാനി ALP/22-23/0207/ 11.05.22 | 7854 | |
| 3 | ദേശാഭിമാനി ALP/22-23/0113/ 23.04.22 | 6283 | 44/22-23 /15.02.23 |
| 4 | ദേശാഭിമാനി ALP/22-23/0207/ 11.05.22 | 7854 | |

ക്രമ നം.1,2 എന്നിവയ്ക്കായി 23/22-23/06.12.22 ബില്ലിലൂടെ നൽകിയ തുക 14,137 രൂപ (6283+7854), ക്രമ നം.3,4 പ്രകാരം 44/22-23/15.02.23 ബില്ലിലൂടെ ആവർത്തിച്ച് നൽകി.

2) സെക്രട്ടറി നിർവ്വഹണം ചെയ്ത മേൽ പ്രോജക്റ്റിൽ നിന്നുള്ള ചെലവിൽ വിവിധ പ്രവൃത്തികളുടെ ടെൻഡർ പരസ്യങ്ങൾക്കായി ദേശാഭിമാനി പത്രത്തിൽ പരസ്യം നൽകിയത് നിർദ്ദിഷ്ട വിൻഡോ തരത്തിലല്ല.

(സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി 01.01.04) പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക്

റിലേൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04-ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24 ച.സെ.മീ. വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിൻഡോ മാതൃകയിൽ നൽകുന്ന ദർഘാസ് പരസ്യങ്ങൾ രണ്ട്കോളം (8cmx3cm)=24cm2 വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പത്രം / ഇൻവോയിസ് നം./തീയതി | നല്കിയ പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | പരസ്യ നിരക്ക് | അനുവദിച്ച് നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയ തുക | ബിൽ നം./ തീയ്യതി |
|---|---|---|---|---|---|---|---|
| 1 | ദേശാഭിമാനി<br>ALP/22-23<br>/0113/<br>23.04.22 | 32sq Cm | 220 | 7040-1056<br>=5984+<br>149.6+<br>149.6<br>=6283 | 24cm@220<br>=5280<br>15% ഡിസ്കൗണ്ട്=<br>792<br>5280-792<br>=4488+<br>112.2+<br>112.2<br>=4712 | 6283-4712<br>=1571 | 44/22-23/<br>15.02.23 |
| 2 | ദേശാഭിമാനി<br>ALP/22-23<br>/0207/<br>11.05.22 | 40sq Cm | 220 | 8800-<br>1320<br>=7480+<br>187+<br>187<br>=7854 | 24cm@220<br>=5280<br>15% ഡിസ്കൗണ്ട്=<br>792<br>5280-792<br>=4488+<br>112.2+<br>112.2<br>=4712 | 7854-<br>4712<br>=3142 | |
| 3 | ദേശാഭിമാനി<br>ALP/22-23<br>/1746/<br>30.12.22 | 32sq Cm | 220 | 7040-1056<br>=5984+<br>149.6+<br>149.6<br>=6283 | 24cm@220<br>=5280<br>15% ഡിസ്കൗണ്ട്=<br>792<br>5280-792<br>=4488+<br>112.2+<br>112.2 | 6283-4712<br>=1571 | 71/22-23<br>/23.03.23 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | =4712 | |
| 4 | ദേശാഭിമാനി ALP/22-23 /1532/ 07.12.22 | 40sq Cm | 220 | 8800- 1320 =7480+ 187+ 187 =7854 | 24cm@220 =5280 15% ഡിസ്കൗണ്ട്= 792 5280-792 =4488+ 112.2+ 112.2 =4712 | 7854- 4712 =3142 |
| 5 | ദേശാഭിമാനി ALP/22-23 /2062/ 07.02.23 | 40sq Cm | 220 | 8800- 1320 =7480+ 187+ 187 =7854 | 24cm@220 =5280 15% ഡിസ്കൗണ്ട്= 792 5280-792 =4488+ 112.2+ 112.2 =4712 | 7854- 4712 =3142 |
| 6 | ദേശാഭിമാനി ALP/22-23 /2011/ 01.02.23 | 36sq Cm | 220 | 7920- 1188 =6732+ 168.3+ 168.3 =7069 | 24cm@220 =5280 15% ഡിസ്കൗണ്ട്= 792 5280-792 =4488+ 112.2+ 112.2 =4712 | 7069- 4712 =2357 |
| 7 | ദേശാഭിമാനി ALP/22-23 /1885/ 17.01.23 | 40sq Cm | 220 | 8800- 1320 =7480+ 187+ 187 =7854 | 24cm@220 =5280 15% ഡിസ്കൗണ്ട്= 792 5280-792 =4488+ 112.2+ 112.2 | 7854- 4712 =3142 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | =4712 | | |
| 8 | ദേശാഭിമാനി ALP/22-23 /1787/ 05.01.23 | 40sq Cm | 220 | 8800-1320 =7480+ 187+ 187 =7854 | 24cm@220 =5280 15% ഡിസ്കൗണ്ട്= 792 5280-792 =4488+ 112.2+ 112.2 =4712 | 7854-4712 =3142 | |
| 9 | ദേശാഭിമാനി ALP/22-23 /2163/ 15.03.22 | 36sq Cm | 180 | 6480-972 =5508+ 137.7+ 137.7 =5783 | 24cm@220 =5280 15% ഡിസ്കൗണ്ട്= 792 5280-792 =4488+ 112.2+ 112.2 =4712 | 5783-4712 =1071 | 23/22-23 /06.12.22 |
| | ആകെ അധിക ചെലവ് | | | | | 22280 | |

പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ച കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ 22,280 രൂപയുടെ അധികച്ചെലവിനിടയായി. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/18.11.23) മറുപടി ലഭ്യമാക്കിയില്ല. ക്രമ നം.1 പ്രകാരം ആവർത്തിച്ച് നൽകിയ 14,137 രൂപ (6283+7854)യും ക്രമ നം.2 പ്രകാരമുള്ള അധിക ചെലവ് 22,280 രൂപയും ഉൾപ്പടെ 36,417 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-2 യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കില്ല

ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികൾ കരാർ പ്രകാരമുള്ള നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നിട്ടും നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിനുള്ള ഫൈൻ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടതിനുള്ള കാരണം വ്യക്തമാക്കുകയോ, പ്രവൃത്തി പൂർത്തീകരണ കാലയളവ് നിയമാനുസൃതം ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ പി.ഡബ്ല്യൂ.ഡി മാന്വൽ - സെക്ഷൻ 2116.1 പ്രകാരം യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷൻ ഈടാക്കേണ്ടതാണ്. എന്നാൽ ഇവിടെ ഇത്തരത്തിലുള്ള കോമ്പൻസേഷൻ ഈടാക്കാത്തത് മൂലം 62,877/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ്

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | (42/22) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : | ജോജി ജോസഫ് |
| എം.ബുക്ക് | : | 19, 31/21-22 |
| എഗ്രീഡ് പിഎസി | : | 9,95,563/- |
| പ്രവൃത്തി മൂല്യം | : | 8,64,741/- |
| ബിൽ നം. | : | 258/28.03.23 |

18.11.21-ൽ കരാർ ചമച്ച ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6 മാസത്തെ കാലാവധിയാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 17.05.22-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 15.03.23-ലാണ്.

പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസ്സം - 302 ദിവസം (43 ആഴ്ച)

ഈടാക്കേണ്ട കോമ്പൻസേഷൻ - 43 ആഴ്ച X 0.1 % നിരക്കിൽ = 4.3% 995563/- X 4.3% = 42809/- രൂപ

2. ആയുർവേദ ആശുപത്രി മതിൽ മെയിന്റനൻസ്

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | (36/22) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : | ജോജി ജോസഫ് |
| എം.ബുക്ക് | : | 25/22-23 |
| എഗ്രീഡ് പിഎസി | : | 4,45,954/- |
| പ്രവൃത്തി മൂല്യം | : | 4,75,713/- |
| ബിൽ നം. | : | 21/29.03.23 - 44543/- |

23.09.21-ൽ കരാർ ചമച്ച ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 6 മാസത്തെ കാലാവധിയാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 22.03.22-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടി വന്നതിനാൽ 30.10.21-ൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. പ്രസ്തുത തീയതി മുതൽ 6 മാസം കാലാവധി അനുവദിച്ചാലും 30.04.22-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 10.03.23-ലാണ്.

പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസ്സം - 315 ദിവസം (45 ആഴ്ച)

ഈടാക്കേണ്ട കോമ്പൻസേഷൻ - 45 ആഴ്ച X 0.1 % നിരക്കിൽ = 4.5% 445954/- X 4.5% = 20,068/- രൂപ.

പഞ്ചായത്ത് കമ്മറ്റിയുടെ 23.12.22-ലെ 1(8), 1(9) തീരുമാനങ്ങൾ പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ

പൂർത്തീകരണ കാലാവധി 31.3.23 വരെ പിഴ കൂടാതെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടതിനുള്ള കാരണം വ്യക്തമാക്കുകയോ, കാലാവധി ദീർഘിപ്പിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകുകയോ, നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകുകയോ ചെയ്തിട്ടുള്ളതായി ഫയലിൽ കാണുന്നില്ല. നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ കരാറുകാരനെ പിഴയുടെ ബാധ്യതയിൽ നിന്ന് ഒഴിവാക്കിയത് ക്രമ വിരുദ്ധമായി ഓഡിറ്റിൽ കാണുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 3/14.11.23) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് ഓഫീസ് പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ ജൂൺ മാസം മുതലുണ്ടായ കഠിനമായ മഴ മൂലവും, പ്രോജക്ട് റിവൈസ് ചെയ്യുവാനുണ്ടായ താമസ്സം മൂലവുമാണ് പൂർത്തീകരണത്തിൽ താമസ്സം ഉണ്ടായതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി ജൂൺ മാസത്തിന് മുമ്പേ (17.05.22-ൽ) പൂർത്തീകരിക്കേണ്ടതായിരുന്നു. മാത്രമല്ല എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത് കരാർ ചമയ്ക്കുന്നതിന് മുമ്പേയാണ്. (29.10.21-ലെ 1(10) തീരുമാനം) പ്രസ്തുത കാരണങ്ങളാൽ മറുപടി അംഗീകരിക്കാവുന്നതല്ല.

ആയൂർവേദ ആശുപത്രി മതിൽ മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ അതിർത്തി തർക്കം മൂലവും, ജൂൺ മാസം മുതലുണ്ടായ കഠിനമായ മഴ മൂലവുമാണ് പൂർത്തീകരണത്തിൽ താമസ്സം ഉണ്ടായതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി ജൂൺ മാസത്തിന് മുമ്പേ (10.04.22-ൽ) പൂർത്തീകരിക്കേണ്ടതായിരുന്നു. മാത്രമല്ല, അതിർത്തി തർക്കം സംബന്ധിച്ച യാതൊരു വിവരവും പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ കരാറുകാരൻ രേഖാമൂലം അറിയിക്കുകയോ, അസിസ്റ്റന്റ് എഞ്ചിനിയർ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല. പ്രസ്തുത കാരണങ്ങളാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ടി സാഹചര്യത്തിൽ നിയമ പ്രകാരം ഈടാക്കേണ്ട പിഴ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി നഷ്ടം തെറ്റായ തീരുമാനത്തിലൂടെ (പഞ്ചായത്ത് കമ്മറ്റിയുടെ 23.12.22-ലെ 1(8), 1(9) തീരുമാനങ്ങൾ) പിഴ ഒഴിവാക്കി നൽകിയ ഭരണസമിതി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

### 3-3 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - ഉണ്ടിയിൽ മുതൽ മുട്ടത്തിൽ വരെ റോഡ് കോൺക്രീറ്റിംഗ് - നികുതികൾ ടി.ഡി.എസ്. ആയി ഈടാക്കിയിട്ടില്ല

വർക്ക് കോഡ് : RC/323295

അളവു പുസ്തകം : 228/21-22

FTO തീയതി : 2.09.22

പ്രസ്തുത പ്രവത്തിയ്ക്കാവശ്യമായ മെറ്റീരിയൽസ് വിതരണം ചെയ്തതിന് കരാറുകാരനായ ജോസഫ് ഈപ്പന് 4,02,906/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ബില്ലിൽ നിന്നും നിയമ പ്രകാരം ടി.ഡി.എസ്. ആയി കുറവ് ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി. (2% നിരക്കിൽ), ആദായ നികുതി(1% നിരക്കിൽ) കുറവ് ചെയ്യാതെ തുക അനുവദിച്ചതു മൂലം 12,087/- രൂപ ക്രമ വിരുദ്ധമായി കരാറുകാരന് നൽകിയിട്ടുണ്ട്. ടി തുക ഈടാക്കിയിട്ടുള്ള പക്ഷം ആയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 21/17.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ബില്ലിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ ടി.ഡി.എസ്. ആയി കുറവ് ചെയ്യേണ്ടിയിരുന്ന 8,058/- രൂപയും, ആദായ നികുതി ഇനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 4,029/-രൂപയും കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-4 തൊഴിലുറപ്പ് പദ്ധതി - പശുത്തൊഴുത്ത് നിർമ്മാണം - മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക നൽകി

തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിച്ച വ്യക്തിഗത മെറ്റീരിയൽ പ്രവൃത്തിയായ പശുത്തൊഴുത്ത്

നിർമ്മാണത്തിന് വാങ്ങിയ മെറ്റീരിയൽസിന് മാർക്കറ്റ് വിലയേക്കാൾ കൂടിയ നിരക്കിൽ തുക അനുവദിച്ചതു വഴി അധികച്ചെലവ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1) പശുത്തൊഴുത്ത് നിർമ്മാണം - ബിന്ദു, വാർഡ് 3

വർക്ക് കോഡ് : IF/639223

അളവു പുസ്തകം : 56/22-23

FTO തീയതി : 4.11.22, 26.5.23

എ) ടി പ്രവൃത്തിയിൽ 30X20X20 സോളിഡ് ബ്ലോക്ക്സ് 394.85എണ്ണം ഉപയോഗിച്ചതിന് @45 നിരക്കിൽ 17,768/- രൂപ ഗുണഭോക്താവിന് അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവ് ഹാജരാക്കിയ ബിൽ പ്രകാരം സോളിഡ് ബ്ലോക്ക്സ് ലഭിച്ചിരിക്കുന്നത് 33/- രൂപ നിരക്കിലാണ്. (കോലോത്ത് ഹോളോ ബ്രിക്സിന്റെ 1.10.22-ലെ ഇൻവോയ്സ്) അതിനാൽ അനുവദിക്കാവുന്ന തുക 394.85 X 33/- = 13,030/- ആണ്. അധികം നൽകിയത് - 4,730/-രൂപ

ബി) ടി പ്രവൃത്തിയിൽ 1.09 ടൺ സിമന്റ് ഉപയോഗിച്ചതിന് 12288/tonne നിരക്കിൽ 13,435/- രൂപ നൽകിയിട്ടുണ്ട്. സിമന്റ് ഒരു Packaged Commodity എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ് മാന്റെ 08.07.22-ലെ OMB/ALP /AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമേ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളൂവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സിമന്റ് വാങ്ങിയതിന് ഹാജരാക്കിയ ബിൽ പ്രകാരം 50 KG സിമന്റ് ബാഗിന്റെ വില 430/- ആണ് (കിരൺ തോമസ്, തുരുത്തി ഇൻവോയ്സ് നം. 65/2.10.22). ആയത് പ്രകാരം

അർഹമായ തുക 1.09 Tonne @ 8600/- = 9374/-

അധികം നൽകിയത് - 4061/- രൂപ (13435-9374)

ആകെ അധികമായി നൽകിയ 8,791/- രൂപ ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

2) പശുത്തൊഴുത്ത് നിർമ്മാണം - ദീപ്തി വിജയകുമാർ, വാർഡ് 4

വർക്ക് കോഡ് : IF/701132

അളവു പുസ്തകം : 229/21-22

FTO തീയതി : 12.08.2022

എ) ടി പ്രവൃത്തിയിൽ 30X15X15 സോളിഡ് ബ്ലോക്ക്സ് 253.38 എണ്ണം ഉപയോഗിച്ചതിന് @45 നിരക്കിൽ 11,402/- രൂപ ഗുണഭോക്താവിന് അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവ് സോളിഡ് ബ്ലോക്ക്സ് വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. പ്രസ്തുത കാലയളവിൽ ഇതേ ഇനം സോളിഡ് ബ്ലോക്കിന്റെ മാർക്കറ്റ് വില 33/- രൂപ നിരക്കിലാണ്. അതിനാൽ അനുവദിക്കാവുന്ന തുക253.38 X 33/- = 8,362/- ആണ്. അധികം നൽകിയത് - 3,040/-രൂപ

പ്രസ്തുത പ്രവൃത്തിയിൽ മെറ്റീരിയൽ വിഹിതമിനത്തിൽ മാറിയ 85,784/- രൂപയിൽ 903/- രൂപ Sundries ഇനത്തിലാണ് നൽകിയിട്ടുള്ളത്. ടി ഇനത്തിൽ തുക നൽകേണ്ടതില്ലാത്തതിനാൽ ടി ചെലവ് അനുവദിക്കുന്നില്ല.

ആകെ അധികമായി നൽകിയ 3,943/- രൂപ ഗുണഭോക്താവിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 27/18.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി ചെലവ് ചെയ്ത 12,734/- രൂപയുടെ ചെലവ് ഓഡിറ്റിൽ

അംഗീകരിക്കുന്നില്ല. ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,58,593 | അനുപൂരക പോഷകാഹാര പരിപാടി | 3,58,593 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,88,100 | ശാരിരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,88,100 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,00,000 | പാലിയേറ്റീവ് കെയർ | 1,00,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 4,80,000 | ലൈഫ് ഭവനപദ്ധതി | 4,80,000 | |
| ആകെ | | 11,26,693 | | 11,26,693 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 4,00,000 | അനുപൂരക പോഷകാഹാര പരിപാടി | 4,00,000 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 62,700 | അനുപൂരക പോഷകാഹാര പരിപാടി | 62,700 | |
| ആകെ | | 4,62,700 | | 4,62,700 | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 4. സ്ട്രീറ്റ് ലൈൻ വലിക്കൽ | XVFC/2022-23/P-61 DTD – 29.03.2023 | 1100400 | 11,00,400 | 0 |
| KWA, THIRUVALLA | 3. പൈപ്പ് ലൈൻ വലിക്കൽ | XVFC/2022-23/P/70 DTD / - 31.3.23 | 1465600 | 14,65,600 | 0 |

| | | | | | |
|---|---|---|---|---|---|
| KWA THIRUVALLA | 138 – മൂലേക്കട സുരേഷിന്റെ വീട് മുതൽ ആലംപറമ്പിൽ വിജയന്റെ വീട് വരെ പൈപ്പ് ലൈൻ വലിക്കൽ | XVFC/2022-23 P/72- DTD 31.03.2023 | 293160 | 2,93,160 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | LF 511/2018 Dtd- 01.01.2019 | 1,00,56,864 | 77,51,154 | 7,90,566 | 0 | 69,60,588 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച/ വരവിൽ 700 രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേര്/ | രസീത് നം./ തീയതി |
|---|---|---|---|---|
| 2019-20 | 1-12 , S/no - 7 | 500 | സ്മിത ബാബു | 1220200145, 18.05.2022 |
| 2017-18 | 2-1, S/no -3 | 200 | ഗ്രേസ് സഖറിയ | 1220200514, 27.09.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 1,83,66,722 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 1,90,07,028 |
| വരവിനങ്ങളിലുള്ള നഷ്ടം | 20,281 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,32,906 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 59,41,248 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 18,750 | | ശ്രീ.സാജുമോൻ പത്രോസ്, സെക്രട്ടറി |
| 2-2 | 1,531 | | ശ്രീ.സാജുമോൻ പത്രോസ്, സെക്രട്ടറി |
| 3-1 | | 36,417 | ശ്രീ.സാജുമോൻ പത്രോസ്, സെക്രട്ടറി |
| 3-2 | | 62,877 | ശ്രീമതി രാജിമോൾ, അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്ത് കമ്മറ്റിയുടെ 23.12.22-ലെ യോഗത്തിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങൾ (പേര് വിവരം പ്രത്യേകം ചേർക്കുന്നു) |
| 3-3 | | 12,087 | ശ്രീ.സാജുമോൻ പത്രോസ്, സെക്രട്ടറി |
| 3-4 | | 1)8,791<br>2)12,734 | ശ്രീ.സാജുമോൻ പത്രോസ്, സെക്രട്ടറി |
| ആകെ | 20,281 | 1,32,906 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെപേരും |
|---|---|---|

| നമ്പർ | | ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 2,25,132 | ഡോ.അന ജി.കൃഷ്ണ, മെഡിക്കൽ ഓഫീസർ(സി.എച്ച്.സി.) |
| 1-18 | 87,343 | ഡോ.അന ജി.കൃഷ്ണ, മെഡിക്കൽ ഓഫീസർ(സി.എച്ച്.സി.) |
| 1-19 | 1,79,466 | ശ്രീ.സാജുമോൻ പത്രോസ്, സെക്രട്ടറി |
| 1-21 | 7,550 | ശ്രീ.സാജുമോൻ പത്രോസ്, സെക്രട്ടറി |
| 1-24 | 18,40,000 | ശ്രീ.ബിജു എം.ബി., വി.ഇ.ഒ. |
| 1-26 | 48,000 | ശ്രീ.സാജുമോൻ പത്രോസ്, സെക്രട്ടറി |
| 1-27 | 3,00,000 | ശ്രീ.ബിജു എം.ബി., വി.ഇ.ഒ. |
| 1-28 | 2,93,160 | ശ്രീ.സാജുമോൻ പത്രോസ്, സെക്രട്ടറി |
| 1-29 | 14,65,000 | ശ്രീ.സാജുമോൻ പത്രോസ്, സെക്രട്ടറി |
| 1-30 | 3,29,597 | ശ്രീ.സാജുമോൻ പത്രോസ്, സെക്രട്ടറി |
| 1-31 | 11,00,400 | ശ്രീ.സാജുമോൻ പത്രോസ്, സെക്രട്ടറി |
| 1-32 | 50,000 | ശ്രീ.സാജുമോൻ പത്രോസ്, സെക്രട്ടറി |
| 1-36 | 15,600 | ശ്രീമതി രാജിമോൾ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 59,41,248 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ഇന വിവരം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-3 | ജി.എസ്.ടി | 8,058 | ശ്രീ.സാജുമോൻ പത്രോസ്, സെക്രട്ടറി |
| 3-3 | ആദായ നികുതി | 4,029 | ശ്രീ.സാജുമോൻ പത്രോസ്, സെക്രട്ടറി |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സാജുമോൻ പത്രോസ്, സെക്രട്ടറി | സെക്രട്ടറി, വെളിയനാട് ഗ്രാമപഞ്ചായത്ത് | തെക്കുംതറ, വൈശ്യംഭാഗം പി.ഒ., പിൻ-688005 |
| ശ്രീ.ബിജു എം.ബി., വി.ഇ.ഒ. | മരണപ്പെട്ടു | |

| | | |
|---|---|---|
| ശ്രീമതി രാജിമോൾ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് | നെടുപറമ്പ്, ആമയിട, അമ്പലപ്പുഴ പി.ഒ., പിൻ-688561 |

പഞ്ചായത്ത് കമ്മറ്റിയുടെ 23.12.22 ലെ യോഗത്തിൽ പങ്കെടുത്തവരുടെ (അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളവർ) വിവരം

| ക്രമ നം. | വാർഡ് നം. | പേര് | മേൽ വിലാസം |
|---|---|---|---|
| 1 | 1 | കെ.എസ്.വിനീഷ് | കടിയംതുരുത്ത്, വെളിയനാട്, പി.ഒ., ആലപ്പുഴ |
| 2 | 2 | സനിൽ കുമാർ | മൂലയിൽ, വെളിയനാട് പി.ഒ., ആലപ്പുഴ |
| 3 | 4 | മായാദേവി | തായ് വീട്, കുമരങ്കരി പി.ഒ., ആലപ്പുഴ |
| 4 | 6 | ബിന്ദു ശ്രീകുമാർ | തെക്കുമുറി, കുന്നംങ്കരി പി.ഒ., ആലപ്പുഴ |
| 5 | 9 | സിന്ധു സൂരജ് | പെരുമ്പറയിൽ, കിടങ്ങറ പി.ഒ., ആലപ്പുഴ |
| 6 | 10 | സഞ്ചു ബിനോജ് | ചിറയിൽ, വെളിയനാട് പി.ഒ., ആലപ്പുഴ |
| 7 | 11 | രാജേഷ് കുമാർ | ആലക്കാട്ടുപറമ്പ് ലക്ഷം വീട്, വെളിയനാട് പി.ഒ., ആലപ്പുഴ |
| 8 | 12 | അഭിലാഷ് പി.എം. | പുളിക്കമഠം, വെളിയനാട് പി.ഒ., ആലപ്പുഴ |
| 9 | 13 | അന്ന എബ്രഹാം | കൊച്ചുപുരയ്ക്കൽ, വെളിയനാട് പി.ഒ., ആലപ്പുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-00 (ചെലവ്) | എൽ.എഫ്.എ-14/1398/03, തീയതി:04.11.03/10.12.03 |
| 2000-01 (വരവ്) | എൽ.എഫ്.എ-പി3/1004/11, തീയതി:03.04.12/12.04.12 |
| 2001-02(വരവ്) | എൽ.എഫ്.എ-പി3/1005/11, തീയതി:03.04.12/12.04.12 |

| | |
|---|---|
| 2002-03 | എൽ.എഫ്.എ-പി3/1006/11, തീയതി:03.04.12/12.04.12 |
| 2003-04 | എൽ.എഫ്.എ-പി3/1007/11, തീയതി:03.04.12/10.05.12 |
| 2004-05 | എൽ.എഫ്.എ-പി3/1008/11, തീയതി:13.04.12/13.06.12 |
| 2005-06 | എൽ.എഫ്.എ-പി3/1009/11, തീയതി:13.04.12/13.06.12 |
| 2008-09 | എൽ.എഫ്.എ-പി3/1012/11, തീയതി:16.04.12/13.06.12 |
| 2009-10 | എൽ.എഫ്.എ-പി3/1013/11, തീയതി:16.04.12/13.06.12 |
| 2010-11, 2011-12, 2012-13 | എൽ.എഫ്.എ-പി10/1573/13, തീയതി:26.04.14/15.07.14 |
| 2013-14, 14-15 | കെ.എസ്.എ-എ.എൽ.പി-പി.10-1455/2015/ 16.11.15 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി.12 /1260/2022/ തീയതി:25.10.2022 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി.12 /1260/2022/ തീയതി:25.10.2022 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി.12 /1260/2022/ തീയതി:25.10.2022 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി.12 /1260/2022/ തീയതി:25.10.2022 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.12/329 /2022/ 27.03.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി.12/711/2022/ 03.07.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി-പി.12/220 /2023/ 23.03.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 14-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Veliyanad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Veliyanad Grama Panchayat for the year 2022-2023

Date: 20/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Veliyanad Grama Panchayat for the Year 2022-2023 .

**1.Major Observations**

1.CFC grant untied and tied have been wrongly received in the annual financial statement. Untied is received at the head of the tied and tied at the head of the untied.

2.CFC Grant Untied Expenditure as per Grant Statement, ACR is Rs.2467528/- 2512266/- respectively.Difference of Rs.44738/- exists. ACR shows balance amount 44738 /- (minus amount). No explanation is provided for the defect found .

**2.Other Observations**

1.Maintenance Fund Non-Road Total Expenditure Rs.3215216/- (3184034/- (2420935 +763099) does not match the expenditure in Schedule I6 of Annual financial statement showing a difference of Rs.31182/-

2.Development Fund General Total Expenditure Rs.10355368 /- ( GO Project 1507267 + Allotment Receipt 8848101) does not match the expenditure in Schedule I6 of the Annual financial statement ( 8428410 + 1886958 c.c) showing a difference of

Rs.40000/-.

3.4654660/- in CFC Grant Tide Bank and Treasury. (opening balance ). As per ACR there is expenditure of Rs.3138023/- and Rs.1516637/- remaining. But as per balance sheet Rs.1621645/- remains, there exists a difference of Rs.105008/-
4.Loan register is keeping in panchayath, but not kept up to date. Authenticity of loan repayment amount could not be audited.
5.Block Panchayat Expenditure on joint venture projects is Rs.1126693/- as per Sulekha Statement but Rs.1050761/- as per Annual financial statement , not reconciled.

6.Income-expenditure as per cash book of Employment Guarantee Scheme does not match with annual figures. MGNREGS total expenditure as per I6 schedule is Rs.42922788/-. But as per EFMS statement the cost is Rs.44100000/- .The difference is not explained.
7. In B4 Schedule 543800/- towards Beneficiary Contribution is left , steps should be taken to spend this amount.
8.The block panchayat share and jilla panchayat share received in previous years for joint venture projects remain unspent in the balance sheet. This amount should be spent or otherwise refunded.
9.Demand entries are not recorded in time. A demand entry is made at the end of the year in the ledger for property tax, employment tax, license etc.
10.Statements as per accounting rules are not included in the annual accounts.
E.g. Ratios

Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്